# സോഷ്യൽ സയൻസ് II

# ഉള്ളടക്കം


1) അന്തരീക്ഷ പ്രതിഭാസങ്ങൾ

2) ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ

3) വൻകരകൾ

4) ഇന്ത്യാ- ഭൗതിക ഭൂമിശാസ്ത്രം

5) ഇന്ത്യാ- സാമ്പത്തിക ഭൂമിശാസ്ത്രം

6) ഇന്ത്യാ - മാനവിക ഭൂമിശാസ്ത്രം

7) ഒരൊറ്റ ഭൂമി

8) വികസനവും സമൂഹവും

9) ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ വിവിധ മേഖലകൾ

10) പണവും ധനകാര്യ സ്ഥാപനകളും

11) ആഗോളവത്കരണം

12) സമ്പദ് വ്യവസ്ഥയും സർക്കാരും

## അധ്യായം 1

# അന്തരീക്ഷപ്രതിഭാസങ്ങൾ

താപം, അന്തരീക്ഷമർദ്ദം, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷസ്ഥിതിയെ സ്വാധീനിക്കുന്നത് ഏത് വിധമാണെന്ന് ഈ പാഠഭാഗം വ്യക്തമാക്കുന്നു. ആഗോളമർദ്ദമേഖലകൾ, വിവിധ കാറ്റുകൾ എന്നിവ ദിനാന്തരീക്ഷ സ്ഥിതിയിലും, കാലാവസ്ഥയിലും മാറ്റങ്ങൾ ഉണ്ടാക്കുന്നു. ബാഷ്പീകരണം, ഘനീകരണം, വർഷണം എന്നിവയും ദിനാന്തരീക്ഷസ്ഥിതിയുടെയും കാലാവസ്ഥയുടെയും പ്രത്യേകതകളാണ്.

### പാഠഭാഗം ചുരുക്കത്തിൽ

- അന്തരീക്ഷസ്ഥിതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ
- അന്തരീക്ഷമർദ്ദവും സ്വാധീനിക്കുന്ന ഘടകങ്ങളും
- ആഗോളമർദ്ദമേഖലകൾ
- കാറ്റുകൾ - സ്ഥിരവാതകങ്ങൾ, കാലികവാതങ്ങൾ, അസ്ഥിരവാതങ്ങൾ
- ഘനീകരണം - വിവിധ രൂപങ്ങൾ

1. ഹീറ്റ് ബജറ്റ് എന്നാലെന്ത്?

**ഉത്തരസൂചിക**

ഭൂമിയിലേക്ക് വരുന്ന സൗരവികിരണത്തിന്റെയും മടങ്ങിപ്പോകുന്ന ഭൗമകിരണത്തിന്റെയും സന്തുലനം. (സ്കോർ 1)

2. ഉചിതമായി പൂരിപ്പിക്കുക (രസബാരോമീറ്റർ, അന്തരീക്ഷ മർദ്ദം, ഹെക്ടോപാസ്കൽ, 1013.2hp) (സ്കോർ 2)

വായു ഭൗമോപരിതലത്തിൽ ചെലുത്തുന്ന ഭാരം

1. ..............................................................................

അന്തരീക്ഷമർദ്ദം അളക്കുന്നതിനുള്ള ഏകകം.

2. ..............................................................................

അന്തരീക്ഷമർദ്ദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം

3. ..............................................................................

സമുദ്രനിരപ്പിലെ ശരാശരി അന്തരീക്ഷ മർദ്ദം

4. ..............................................................................

3. ആഗോളമർദ്ദ മേഖലകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചിക**

ഭൂമിയിൽ ചില നിശ്ചിത അക്ഷാംശങ്ങൾക്കിടയിൽ ഒരേ മർദ്ദമാണ് അനുഭവപ്പെടുന്നത്. ഈ അക്ഷാംശമേഖലകളാണ് ആഗോളമർദ്ദമേഖലകൾ.

**ഭൂമദ്ധ്യരേഖാ ന്യൂനമർദ്ദമേഖല:** ഭൂമദ്ധ്യരേഖയുടെ ഇരുവശങ്ങളിലും $5^0$ മുതൽ $10^0$ വരെ വ്യാപ്തിയിൽ സ്ഥിതിചെയ്യുന്നു. ഉയർന്നതാപം - മർദ്ദം കുറവ് - നിർവ്വാതമേഖല എന്നും ഈ മേഖലയെ പറയുന്നു.

**ഉപോഷ്ണഉച്ചമർദ്ദമേഖലകൾ:** ഉത്തര അക്ഷാംശം $30^0$ യും ദക്ഷിണ അക്ഷാംശം $30^0$ യും കേന്ദ്രീകരിച്ച് സ്ഥിതിചെയ്യുന്നു.

**ധ്രുവീയ ഉച്ചമർദ്ദമേഖലകൾ :** ധ്രുവങ്ങളിൽ കേന്ദ്രീകരിച്ച് സ്ഥിതിചെയ്യുന്നു. തണുത്ത വായു ഇവിടെ കൂടുതൽ മർദ്ദം പ്രയോഗിക്കുന്നു. (സ്കോർ 3)

4. ആഗോളമർദ്ദ മേഖലകളാണ് ആഗോളവാതങ്ങൾക്ക് കാരണം. സമർത്ഥിക്കുക.

**ഉത്തരസൂചിക**

**വാണിജ്യവാതം**

ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽ നിന്നം ഭൂമദ്ധ്യരേഖാ ന്യൂനമർദ്ദ മേഖലയിലേക്ക് വീശുന്നു.

**പശ്ചിമവാതം**

ഉപോഷ്ണ ഉച്ചമർദ്ദമേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദേമേഖലയിലേക്ക് വീശുന്നു.

**ധ്രുവീയവാതം**

ധ്രുവീയ ഉച്ചമർദ്ദമേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലയിലേക്ക് വീശുന്നു.

(സ്കോർ 3)

5. കടൽകാറ്റും കരക്കാറ്റും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

**കരക്കാറ്റ്**

പകൽ സമയങ്ങളിൽ കരയിൽ നിന്നും കടലിലേക്ക് വീശുന്നു.

കരയിൽ ഉച്ചമർദ്ദം കടലിൽ ന്യൂനമർദ്ദം.

**കടൽകാറ്റ്**

പകൽ സമയങ്ങളിൽ കടലിൽ നിന്നും കരയിലേക്ക് വീശുന്നു. കടലിൽ ഉച്ചമർദ്ദം, കരയിൽ ന്യൂനമർദ്ദം.

6. അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ? (സ്കോർ 2)

**ഉത്തരസൂചിക**: താപം, പ്രദേശത്തിന്റെ ഉയരം, ആർദ്രത

7. ചക്രവാതം പ്രതിചക്രവാതം ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

**ഉത്തരസൂചിക**

**ചക്രവാതം**

മധ്യത്തിൽ ന്യൂനമർദ്ദം, ചുറ്റും ഉച്ചമർദ്ദം.

ഉച്ചമർദ്ദത്തിൽ നിന്ന് ഉച്ചമർദ്ദത്തിലേക്ക് കാറ്റ് വീശുന്നു

ഉത്തരാർദ്ധഗോളത്തിൽ എതിർഘടികാര ദിശ

**പ്രതിചക്രവാതം**

മധ്യത്തിൽ ഉച്ചമർദ്ദം, ചുറ്റും ന്യൂനമർദ്ദം, ഉച്ചമർദ്ദത്തിൽ നിന്ന് ന്യൂനമർദ്ദത്തിലേക്ക് കാറ്റ് വീശുന്നു. ഉത്തരാർദ്ധഗോളത്തിൽ ഘടികാര ദിശ

8. ദിനാന്തരീക്ഷ സ്ഥിതി, കാലാവസ്ഥ ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

**ഉത്തരസൂചിക**

ഒരു പ്രദേശത്ത് ഹ്രസ്വകാലയളവിൽ അനുഭവപ്പെടുന്ന അന്തരീക്ഷത്തിന്റെ അവസ്ഥ - ദിനാന്തരീക്ഷം.

ഒരുപ്രദേശത്തെ നീണ്ടകാലയളവിലെ അന്തരീക്ഷ സ്ഥിതിയുടെ ശരാശരി - കാലാവസ്ഥ

9. പ്രാദേശിക വാതങ്ങളുമായി ബന്ധപ്പെട്ട പട്ടിക ക്രമപ്പെടുത്തുക. (സ്കോർ 2)

| **വീശുന്ന പ്രദേശം** | **കാറ്റിന്റെ പേര്** |
|---|---|
| ഇന്ത്യയിലെ ഉത്തരമഹാസമതലം | a. .......................................... |
| വടക്കേ അമേരിക്കയിലെ റോക്കീസിന്റെ കിഴക്കേ ചെരിവ് | b. .......................................... |
| യൂറോപ്പിലെ ആൽപ്സിന്റെ തെക്കെ ചെരിവ് | c. .......................................... |
| ആൽപ്സിന്റെ വടക്കേ ചെരിവ് | d. .......................................... |

**ഉത്തരസൂചിക**

a. ലൂ, b. ചിമ്പൂക്ക്, c. മിസ്ട്രൽ d. ഫൊൻെ

10. ബാഷ്പീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ? (സ്കോർ 2)

**ഉത്തരസൂചിക**

ജലലഭ്യത, താപം, വായുവിന്റെ സ്വഭാവം

11. വർഷണം എന്നാലെന്ത്? വർഷണത്തിന്റെ വിവിധ രൂപങ്ങൾ ഏവ? (സ്കോർ 6)

**ഉത്തരസൂചിക**

തുടർച്ചയായ ഘനീകരണ പ്രക്രിയയുടെ ഫലമായി മേഘങ്ങളിൽ ജലകണികകളുടെ വലിപ്പം വർദ്ധിക്കുകയും ഭൗമോപരിതലത്തിലേക്ക് പതിക്കുകയും ചെയ്യുന്നു.

***മഞ്ഞ്***

പൂജ്യം ഡിഗ്രി താപനിലയ്ക്ക് താഴെ ഘനീകരണം നടക്കുമ്പോൾ നീരാവി പരൽ രൂപം പ്രാപിക്കുന്നു.

***ആലിപ്പഴം***

മഴയോടൊപ്പം മഞ്ഞ് കട്ടകൾ ഭൂമിയിലേക്ക് പതിക്കുന്നു.

***മഴ***

മേഘങ്ങളിൽ തുടർച്ചയായി നടക്കുന്ന ഘനീകരണത്തിന്റെ ഫലമായി ജലകണികകളുടെ വലിപ്പം വർദ്ധിച്ച് ഭൂമിയിലേക്ക് പതിക്കുന്നു.

12. ഘനീകരണത്തിന്റെ വിവിധ രൂപങ്ങൾ ഏതൊക്കെ? (സ്കോർ 2)

**ഉത്തരസൂചിക**

തുഷാരം, നേർത്ത മൂടൽമഞ്ഞ്, മൂടൽ മഞ്ഞ്, മേഘങ്ങൾ

13. ചേരുംപടി ചേർക്കുക (സ്കോർ 2)

| A | B |
|---|---|
| a. നിശ്ചിത താപനിലയിലുള്ള വായുവിന് ഉൾകൊള്ളാൻ കഴിയുന്ന നീരാവിയുടെ അളവ് | ആപേക്ഷിക ആർദ്രത |
| b. വായു നീരാവി പൂരിതമാകുമ്പോഴുള്ള താപനില | ഘനീകരണം |
| c. നീരാവി ജലകണങ്ങളായി മാറുന്ന പ്രക്രിയ | പൂരിതാങ്കം |
| d. നിശ്ചിത ഊഷ്മാവിൽ വായുവിന് ഉൾക്കൊള്ളാൻ കഴിയുന്ന നീരാവിയുടെ അളവും ആ സമയത്ത് വായുവിൽ ഉള്ള നീരാവിയുടെ അളവും തമ്മിലുള്ള വ്യത്യാസം | ഹിമാങ്കം |

**ഉത്തരസൂചിക** : a.പൂരിതാങ്കം b.ഹിമാങ്കം c. ഘനീകരണം d. ആപേക്ഷിക ആർദ്രത

14. കാറ്റിന്റെ ദിശയെയും വേഗതയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ? (സ്കോർ 2)

**ഉത്തരസൂചിക**

മർദ്ദചരിവ് മാനബലം, ഘർഷണം, കൊറിയോലിസ് പ്രഭാവം

15. കൊറിയോലിസ് പ്രഭാവം, ഫെറൽ നിയമം ഇവയെന്തെന്ന് വ്യക്തമാക്കുക.

**ഉത്തരസൂചിക**

***കൊറിയാലിസ് പ്രഭാവം***

ഭൂമിയുടെ ഭ്രമണം നിമിത്തം ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ദിശാവ്യതിയാനം സംഭവിക്കുന്നു. ഇതിന് കാരണമാകുന്ന പ്രഭാവമാണ് കൊറിയോലിസ് പ്രഭാവം.

***ഫെറൽ നിയമം***

കൊറിയോലിസ് പ്രഭാവം കാരണം ഉത്തരാർദ്ധഗോളത്തിൽ കാറ്റുകൾ സഞ്ചാരദിശയുടെ വലത്തോട്ടും ദക്ഷിണാർദ്ധഗോളത്തിന്റെ ഇടത്തോട്ടും വ്യതിചലിക്കുന്നു. ഫെറൽ ആവിഷ്കരിച്ച നിയമമാണ് ഫെറൽ നിയമം.

16. സൂര്യന്റെ അയനം മർദ്ദമേഖലകളിൽ വരുത്തുന്ന മാറ്റങ്ങൾ വിശദമാക്കുക.

**ഉത്തരസൂചിക**

ഋതുഭേദങ്ങൾക്കനുസരിച്ച് മർദ്ദമേഖലകളുടെ സ്ഥാനം മാറുന്നു. ഉത്തരായനകാലത്ത് എല്ലാ മർദ്ദമേഖലകളും $5^0$ മുതൽ $10^0$ വരെ വടക്കോട്ട് നീങ്ങുന്നു. ദക്ഷിണായനകാലത്ത് മർദ്ദമേഖലകൾ $5^0$ മുതൽ $10^0$ വരെ തെക്കോട്ട് നീങ്ങുന്നു.

17. വിവിധതരം മഴകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

***സംവഹന വൃഷ്ടി***

ഭൗമോപരിതല വായു ചൂട്പിടിച്ച് ഉയർന്ന് അവിടെ വെച്ച് തണുത്ത് ഘനീഭവിച്ച് മഴയായി പെയ്യുന്നു. ഇടിമിന്നലോടുകൂടി ഉച്ചയ്ക്ക് ശേഷം പെയ്യുന്ന ഈ മഴയെ ഉച്ചലിത വൃഷ്ടി എന്നുപറയുന്നു. ഭൂമദ്ധ്യരേഖാപ്രദേശത്ത് സർവ്വസാധാരണം.

***ശൈലവൃഷ്ടി***

കടലിൽ നിന്നും വീശുന്ന നീരാവി പൂരിത വായു പർവ്വതങ്ങളിൽ തട്ടി ഉയർന്ന് തണുത്ത് ഘനീഭവിച്ച് മഴയായി പെയ്യുന്നു.

***ചക്രവാതവൃഷ്ടി***

ചക്രവാതങ്ങളുടെ മധ്യഭാഗത്ത് ഉഷ്ണവായുവും ശീതവായുവും കൂട്ടിമുട്ടി ഉയർന്ന് പൊങ്ങി അതിലെ നീരാവി ഘനീഭവിച്ച് മഴയായി പെയ്യുന്നു.

18. ആകൃതിയുടെ അടിസ്ഥാനത്തിൽ മേഘങ്ങളെ എത്രയായി തരംതിരിക്കാം? അവ ഏവ?

**ഉത്തരസൂചിക**

4 തരം

1. സിറസ്- വെള്ളനിറത്തിൽ തൂവൽകെട്ട് പോലെ കാണുന്നു.
2. സ്ട്രാറ്റസ്- തിരശ്ചീനതലത്തിൽ പാളികളായി കാണപ്പെടുന്നു.
3. ക്യൂമുലസ് - ചാരനിറത്തിൽ കൂനകൾ പോലെ
4. നിംബസ് - ചാരനിറത്തിലോ കറുപ്പ് നിറത്തിലോ കാണപ്പെടുന്ന മഴമേഘങ്ങൾ

***

## അധ്യായം 2

# ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ

വിവരസാങ്കേതികവിദ്യ ഭൂമിശാസ്ത്രപഠനത്തിൽ ചെലുത്തിയ സ്വാധീനം നിമിത്തം ഭൂവിവരങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവരവിശകലനം കൂടുതൽ ത്വരിതപ്പെടുത്താൻ കഴിഞ്ഞു. വിവരശേഖരണത്തിനും വിവരവിശകലനത്തിനും സഹായകമാകുന്ന വിദൂരസംവേദനം, ഭൂവിവരവ്യവസ്ഥ എന്നീ പ്രധാന ഭൂമിശാസ്ത്രസങ്കേതങ്ങളെ ഈ യൂണിറ്റിലൂടെ പരിചയപ്പെടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- വിദൂരസംവേദനം - ആകാശീയ വിദൂരസംവേദനം - ഉപഗ്രഹവിദൂരസംവേദനം
- ഭൂസ്ഥിര ഉപഗ്രഹങ്ങൾ
- സൗരസ്ഥിര ഉപഗ്രഹങ്ങൾ
- സ്പെക്ട്രൽ സിഗ്നേച്ചൽ, സ്പേഷ്യൽ റെസല്യുഷൻ
- ഭൂവിവരവ്യവസ്ഥയുടെ ഉപയോഗങ്ങൾ, വിശകലന സാധ്യതകൾ

1. പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനം എത്രയായി തരംതിരിച്ചിരിക്കുന്നു? അവ ഏതൊക്കെ? (സ്കോർ 4)

**ഉത്തരസൂചിക**

- മൂന്നായി തരംതിരിച്ചിരിക്കുന്നു.
- ആകാശീയ വിദൂരസംവേദനം
- ഭൂതല ഛായാഗ്രഹണം
- ഉപഗ്രഹ വിദൂരസംവേദനം

2. ഇന്ത്യയിൽ ആകാശീയ സർവ്വേക്കായി ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രണ്ട് ഏജൻസികളേവ? (സ്കോർ 2)

**ഉത്തരസൂചിക**

- ഇന്ത്യൻ വ്യോമസേന
- ഇന്ത്യൻ എയ്റോസ്പേസ് കമ്പനി

3. ആകാശീയ സർവ്വേയുടെ ഏതെങ്കിലും മൂന്ന് പരിമിതികൾ എഴുതുക. (സ്കോർ 3)

**ഉത്തരസൂചിക**

- വിമാനത്തിനുണ്ടാകുന്ന കുലുക്കം
- അതിവിസ്തൃതമായ ഭൂപ്രദേശങ്ങളുടെ ചിത്രം എടുക്കുന്നത് പ്രായോഗികമല്ല.
- വിശാലമായ സ്ഥലം

4. സൗരസ്ഥിര ഉപഗ്രഹങ്ങളുടെയും ഭൂസ്ഥിര ഉപഗ്രഹങ്ങളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

**ഉത്തരസൂചിക**

- ഭൂമിയിൽ നിന്നും 36000km ഉയരം
- ഭൂമിയുടെ മൂന്നിലൊരു ഭാഗം നിരീക്ഷണ പരിധി
- എല്ലായ്പ്പോഴും ഒരു പ്രദേശത്തെ അഭിമുഖീകരിക്കുന്നു.

- 800km, 950km ഇടയിൽ സഞ്ചരിക്കുന്നു.
- ധ്രുവങ്ങളെ ചുറ്റുന്നു
- ആവർത്തിച്ചുള്ള വിവരശേഖരണം നൽകുന്നു.

5. A കോളത്തിന് യോജിച്ചവ B, C കോളങ്ങളിൽ നിന്നും എടുത്തെഴുതുക.

| A | B | C |
|---|---|---|
| സ്പെക്ട്രൽ സിഗ്നേച്ചർ | ധ്രുവങ്ങളെ ചുറ്റുന്നു | സെൻസർ |
| സ്പെഷൽ റെസലൂഷൻ | വൈദ്യുത കാന്തിക വികിരണങ്ങളുടെ പ്രതിഫലനം | ഇൻസാറ്റ് |
| സൗരസ്ഥിര ഉപഗ്രഹങ്ങൾ | ഭൂമിയോടൊപ്പമുള്ള ഭ്രമണം | വസ്തുക്കളുടെ ഭൗതിക സ്വഭാവം |
| ഭൂസ്ഥിര-ഉപഗ്രഹങ്ങൾ | ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പം തിരിച്ചറിയുന്നു | ഐ.ആർ.എസ്. |

**ഉത്തരസൂചിക**

ശരിയായി ക്രമീകരിക്കുന്നതിന് സ്കോർ 4.

6. വിദൂര സംവേദന സാങ്കേതിക വിദ്യകൊണ്ടുള്ള ഏതെങ്കിലും മൂന്ന് ഉപയോഗങ്ങളെക്കുറിച്ച് വിവരിക്കുക (സ്കോർ 3)

**ഉത്തരസൂചിക**

- സമുദ്രപര്യവേഷണത്തിന്
- കാട്ടുതീയുടെ വ്യാപനം കണ്ടെത്തുന്നതിനും തടയുന്നതിനും
- വിളകളുടെ വിസ്തൃതി, കീടബാധ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണത്തിന്

7. വിദൂരസംവേദന വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സഹായിക്കുന്ന കേരളത്തിലെ ഏതെങ്കിലും 3 ഔദ്യോഗിക ഏജൻസികളേവ? (സ്കോർ 2)

**ഉത്തരസൂചിക**

- KSREC, ഭൗമശാസ്ത്രപഠനകേന്ദ്രം
- ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ

8. ഉപഗ്രഹ സെൻസറുമായി ബന്ധപ്പെട്ട രണ്ട് പദങ്ങളാണ് സ്പെക്ട്രൽ സിഗ്നേച്ചർ, സ്പെഷൽ റെസലൂഷൻ എന്നിവ. ഇവ എന്താണ് എന്ന് വ്യക്തമാക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവാണ് സ്പെക്ട്രൽ സിഗ്നേച്ചർ
- സെൻസറിന് തിരിച്ചറിയാനാവുന്ന ഏറ്റവും ചെറിയ വസ്തുവിന്റെ വലുപ്പം

9. ഭൂവിവര വ്യവസ്ഥ ഭൂപടനിർമ്മാണത്തിന് സഹായിക്കുന്നതെങ്ങനെ?

**ഉത്തരസൂചിക**

സോഫ്റ്റ്‌വെയറുകളുടെ സഹായത്താൽ സ്ഥാനീയ വിവരങ്ങളെ വിവിധ പാളികളാക്കി മാറ്റാൻ സാധിച്ചിരുന്നു. ഇവയിൽ നിന്നും ഓരോ സവിശേഷതകളെ അടർത്തിമാറ്റുന്നു.

10. താഴെ നൽകിയിരിക്കുന്ന വിഷയങ്ങളിൽ ഉപയോഗിക്കാവുന്ന ഭൂവിവര വ്യവസ്ഥയുടെ വിശകലന സാധ്യതകൾ ഏവ?

- ഒരു പ്രദേശത്തിന്റെ ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ കണ്ടെത്തുന്നതിന്
- റോഡ് നിർമ്മാണം മൂലം നഷ്ടമാകുന്ന വനഭൂമിയുടെ വിസ്തൃതി കണ്ടെത്തുന്നതിന്
- അടുത്തുള്ളതും തിരക്കില്ലാത്തതുമായ ഒരു വഴി കണ്ടെത്തുന്നതിന്.

**ഉത്തരസൂചിക**

- ഓവർലേ വിശകലനം
- ആവൃത്തി വിശകലനം
- ശൃംഖല വിശകലനം

11. ഭൂവിവര വ്യവസ്ഥയുടെ വിവിധതരം വിശകലന സാധ്യതകൾ ഏതൊക്കെയാണ്? ഓരോന്നിനും ഓരോ ഉദാഹരണങ്ങൾ എഴുതുക. (സ്കോർ 3)

**ഉത്തരസൂചിക**

- ഓവർലേ വിശകലനം
- ആവൃത്തി വിശകലനം
- ശൃംഖല വിശകലനം

12. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഭൗമോപരിതല വസ്തുക്കളുടെ സ്ഥാനം കണ്ടെത്തുന്നതിന് സഹായകരമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.

**ഉത്തരസൂചിക**

- ഭൗമോപരിതലത്തിൽ നിന്ന് 20000 മുതൽ 20200km
- 6 വ്യത്യസ്ത ഭ്രമണപഥങ്ങളിലായി 24 ഉപഗ്രഹങ്ങളുടെ ശ്രേണിയാണ് സ്ഥാനം കണ്ടെത്തുന്നത്.

14. ഭൂവിവരവ്യവസ്ഥയുടെ ഏതെങ്കിലും രണ്ട് പ്രയോഗസാധ്യതകളെക്കുറിച്ച് വിവരിക്കുക (സ്കോർ 2)

**ഉത്തരസൂചിക**

- വിവരങ്ങളുടെ ആവർത്തനത കുറയ്ക്കുന്നു
- ആസൂത്രണവും തീരുമാനമെടുക്കലും കൂടുതൽ കാര്യക്ഷമമാക്കുന്നു.

***

## അധ്യായം 3

# വൻകരകൾ

വൻകരകളായ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, ആന്റാർട്ടിക്ക എന്നിവയുടെ സ്ഥാനം, വലിപ്പം, ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലങ്ങൾ ജനജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം എന്നിവയാണ് ഈ യൂണിറ്റിലൂടെ പരിചയപ്പെടുന്നത്.

**പാഠഭാഗം ചുരുക്കത്തിൽ**

- ഏഷ്യ - ഭൂപ്രകൃതി വിഭാഗങ്ങൾ, കാലാവസ്ഥ, നൈസർഗിക സസ്യജാലങ്ങൾ, വിഭവങ്ങൾ, ജനസംഖ്യാവിതരണം.
- യൂറോപ്പ് - സ്ഥാനം, ഭൂപ്രകൃതി, കാലാവസ്ഥ, വിഭവങ്ങൾ, ജനജീവിതം
- ആഫ്രിക്ക - സ്ഥാനം, ഭൂപ്രകൃതി, കാലാവസ്ഥ, വിഭവങ്ങൾ, ജനസംഖ്യാവിതരണം.
- അന്റാർട്ടിക്ക - ഭൗതിക സവിശേഷതകൾ, കാലാവസ്ഥ, ജീവജാലങ്ങൾ, വിഭവങ്ങൾ.

1. താഴെകൊടുത്തിരിക്കുന്നവയിൽ ശരിയായ ജോഡി ഏതാണ്?
   തെറ്റായവ തിരുത്തി എഴുതുക. (സ്കോർ 4)
   - സഹാറമരുഭൂമി - യൂറോപ്പ്
   - ഉക്രൈൻ സമതലം - അന്റാർട്ടിക്ക
   - പാമീർക്കെട്ട് - ഏഷ്യ
   - വിൻസൺ മാസീഫ് - ആഫ്രിക്ക

**ഉത്തരസൂചിക**

ശരിയായ ജോഡി - പാമീർക്കെട്ട് - ഏഷ്യ

സഹാറ മരുഭൂമി - ആഫ്രിക്ക

ഉക്രൈൻ സമതലം - യൂറോപ്പ്

വിൻസൺ മാസീഫ് - അന്റാർട്ടിക്ക

2. മത്സ്യബന്ധനത്തിന് വളരെ അനുയോജ്യമായ ഭൂമിശാസ്ത്ര സവിശേഷതകൾ ഉള്ള വൻകരയാണ് യൂറോപ്പ്. ഇതിനുകാരണമായ സവിശേഷതകളേവ?

**ഉത്തരസൂചിക**

- ധാരാളം ഉൾക്കടലുകൾ - സമുദ്രജലപ്രവാഹങ്ങളുടെ കൂടിചേരൽ - പ്ലവകങ്ങളുടെ സാന്നിധ്യം (സ്കോർ 3x1=3)

3. A കോളത്തിന് അനുയോജ്യമായവ B, C കോളത്തിൽ നിന്നും ക്രമപ്പെടുത്തി എഴുതുക.

| A | B | C |
|---|---|---|
| അരക്കൻയോമ | ടാൻസാനിയ | പർവ്വതങ്ങൾ |
| ബ്ലാക്ക് ഫോറസ്റ്റ് | നോർവ്വെ | ടൈഗ |
| പൈൻഫിർ | ജർമ്മനി | മധ്യഉന്നതതടങ്ങൾ |
| കിളിമഞ്ചാരോ | ഹിമാലയം | മധ്യപർവ്വത ശ്രേണികൾ |

(സ്കോർ 4)

4. ഏഷ്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ കണ്ടെത്തുക. (സ്കോർ 4)

**ഉത്തരസൂചിക**

▫ ഭൂഖണ്ഡത്തിന്റെ സ്ഥാനം ▫ വിസ്തൃതി ▫ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ▫ സമുദ്ര സാമീപ്യം▫ പർവ്വതങ്ങളുടെ സ്ഥാനം ▫ മൺസൂണിന്റെ ഗതി

(ഏതെങ്കിലും 4 ഘടകങ്ങൾ)

5. യൂറോപ്പിലെ ഭൂപ്രകൃതി വിഭാഗങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക. (സ്കോർ 4)

**ഉത്തരസൂചിക**

▫ വടക്ക്-പടിഞ്ഞാറൻ പർവ്വത മേഖല▫ ഉത്തര യൂറോപ്യൻ സമതലങ്ങൾ ▫ മധ്യ ഉന്നത തടങ്ങൾ ▫ ആൽപ്പൈൻ സിസ്റ്റം

6. സ്ഥിരമായ ജനവാസം ഇല്ലാത്ത ഏക ഭൂഖണ്ഡമായ അന്റാർട്ടിക്കയുടെ ചില സവിശേഷത കളാണ് താഴെകൊടുത്തിരിക്കുന്നത്. ഇത് ഏതുമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുക. (സ്കോർ 4x1/2)

| | |
|---|---|
| വിൻസൺ മാസ്റ്റിഫ് | സജീവ അഗ്നിപർവ്വതങ്ങൾ |
| സ്കോഷ്യാ ദ്വീപു സമൂഹം | റഷ്യൻ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം |
| വോസ്റ്റോക്കിൻ | ഏറ്റവും ഉയർന്ന കൊടുമുടി |
| ദക്ഷിണഗംഗോത്രി | ഇന്ത്യയുടെ ഗവേഷണ കേന്ദ്രങ്ങൾ |

7. ഏഷ്യയിലെ കാലാവസ്ഥ മേഖലകളുടെ സവിശേഷതകളാണ് താഴെകൊടുത്തിട്ടുള്ളത്. മേഖലകൾ കണ്ടെത്തി ചേർത്തെഴുതുക. (സ്കോർ 4)

a. മിതമായ തണുപ്പും സാമാന്യം മഴയോടുകൂടിയതുമായ ശൈത്യകാലം
b. ചൂടും മഴയും ഇടവിട്ട് അനുഭവപ്പെടുന്ന വേനൽക്കാലം

c. വർഷം മുഴുവൻ ഉയർന്ന താപവും ഇടിമിന്നലോടുകൂടിയ മഴയും

d. ഉയർന്ന തോതിൽ തണുപ്പും വർഷം മുഴുവൻ മഞ്ഞുമൂടിയതുമാണ്.

**ഉത്തരസൂചിക**

a. മെഡിറ്ററേനിയൻ കാലാവസ്ഥ    b. മൺസൂൺ കാലാവസ്ഥ

c. ഭൂമധ്യരേഖ കാലാവസ്ഥ    d. തുന്ദ്രമാതൃകയിലുള്ള കാലാവസ്ഥ

8. യൂറോപ്പിന്റെ ശാസ്ത്രസാങ്കേതിക വ്യവസായ വളർച്ചയിൽ ഭൂപ്രകൃതിയുടെ സ്വാധീനത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക. (സ്കോർ 5)

**ഉത്തരസൂചിക**

- വടക്കുപടിഞ്ഞാറൻ മേഖല - ധാതുക്കളാൽ സമ്പുഷ്ടം
- ഉത്തരയൂറോപ്യൻ സമതലം - അവസാദങ്ങളാൽ നിർമ്മിതമാണ്
- കൽക്കരി, പെട്രോളിയം നിക്ഷേപങ്ങൾ

10. ആഫ്രിക്കയിലെ കാർഷിക പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തുക (സ്കോർ 3)

**ഉത്തരസൂചിക**

- മിക്ക പ്രദേശങ്ങളും മരുഭൂമികളും ഇടതൂർന്ന വനങ്ങളും
- കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കുറവ്
- പഴയകാല കൃഷിരീതികൾ

11. അന്റാർട്ടിക്കയിലേക്ക് മനുഷ്യശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള കാരണങ്ങൾ കണ്ടെത്തുക? (സ്കോർ 4)

**ഉത്തരസൂചിക**

- സമുദ്രവിഭവങ്ങൾ : തുകൽ ശേഖരിക്കുന്നതിന് സീൽ, എണ്ണയ്ക്ക് വേണ്ടി തിമിംഗല വേട്ട
- ധാതുശേഖരം ഇരുമ്പയിര്, ക്രോമിയം, ചെമ്പ്, സ്വർണ്ണം, നിക്കൽ, കൽക്കരി നിക്ഷേപം.

12. അന്റാർട്ടിക്കയിലെ ഇന്ത്യൻ പര്യവേഷണ കേന്ദ്രങ്ങൾ ഏവ? (സ്കോർ 2)

**ഉത്തരസൂചിക**

- ദക്ഷിണ ഗംഗോത്രി
- മൈത്രി

***

# യൂണിറ്റ് 4

# ഇന്ത്യ ഭൗതിക ഭൂമിശാസ്ത്രം

വൈവിധ്യങ്ങളുടെ നാട് എന്നറിയപ്പെടുന്ന ഇന്ത്യ ഭൂമിശാസ്ത്രപരമായി വളരെയധികം സവിശേഷതകളുള്ള രാജ്യമാണ്. ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യങ്ങൾക്ക് കാരണം വൈവിധ്യമാർന്ന ഭൂപ്രകൃതി സവിശേഷതകളാണ്. ഇന്ത്യയുടെ സ്ഥാനം, ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണ്, നൈസർഗിക സസ്യജാലങ്ങൾ എന്നിവയാണ് ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നത്.

**പാഠഭാഗം ചുരുക്കത്തിൽ**

- ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലെ സാംസ്കാരിക വൈവിധ്യങ്ങൾ, കാരണങ്ങൾ
- ഇന്ത്യ - അടിസ്ഥാന വിവരങ്ങൾ
- ഇന്ത്യ - ഭൂപ്രകൃതി വിഭാഗങ്ങൾ
- ഇന്ത്യ - നദികൾ
- ഇന്ത്യ - മണ്ണിനങ്ങൾ
- ഇന്ത്യ - കാലാവസ്ഥ
- ഇന്ത്യ - നൈസർഗിക സസ്യജാലങ്ങൾ

1. ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളിലെ ജനജീവിതത്തിലും സംസ്കാരത്തിലുമുള്ള വൈവിധ്യങ്ങൾക്ക് കാരണമായ ഘടകങ്ങൾ എന്തെല്ലാം? (സ്കോർ 2)

**ഉത്തരസൂചിക**

i. സ്ഥാനം ii. ഭൂപ്രകൃതി iii. കാലാവസ്ഥ

iv. നദികൾ v. മണ്ണിനങ്ങൾ vi. നൈസർഗിക സസ്യജാലങ്ങൾ

(ഏതെങ്കിലും 4 എണ്ണത്തിന് 1/2x4=2 മാർക്ക്)

2. ഭൗമോപരിതല സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയെ നാല് ഭൂപ്രകൃതി വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. അവ ഏതെല്ലാം? ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിവരിക്കുക (സ്കോർ 6)

**ഉത്തരസൂചിക**

i. ഉത്തരപർവ്വത മേഖല, ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി, തീരപ്രദേശങ്ങളും ദ്വീപുകളും (സ്കോർ 2)

ii. ഏതെങ്കിലും ഒരു ഭൂപ്രകൃതി സവിശേഷത വിശദീകരിക്കുന്നതിന് സ്കോർ 4

3. ഹിമാലയത്തിന്റെ സമാന്തരമായ മൂന്ന് പർവ്വത നിരകളിൽ ഒന്നിന്റെ ഒരു സവിശേഷത ചുവടെ കൊടുക്കുന്നു. ഏതാണ് ഈ പർവ്വതനിര എന്ന് തിരിച്ചറിഞ്ഞ് മറ്റ് സവിശേഷത കൾകൂടി എഴുതുക.

   i. ഇതിനെ ഹിമാലയത്തിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കുന്നു.

   ii. ജനവാസയോഗ്യമല്ല (സ്കോർ 3)

**ഉത്തരസൂചിക**

- ഹിമാലയത്തിലെ ഹിമാദ്രി പർവ്വതനിര (1)

i. ഹിമാലയത്തിലെ ഏറ്റവും ഉയരംകൂടിയ പർവ്വതനിര

ii. 8000 മീറ്ററിനുമുകളിൽ ഉയരമുള്ള പല കൊടുമുടികളും ഈ പർവ്വത നിരയിലാണ്. (2)

4. തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറെ ചെരിവുകളിൽ കനത്ത മഴ ലഭിക്കുമ്പോൾ കിഴക്കേ ചരിവുകളിൽ മഴ തീരെ കുറവാണ്. കാരണം കണ്ടെ ത്തുക. (സ്കോർ 2)

**ഉത്തരസൂചിക**

ഈർപ്പം നഷ്ടമാകുന്നു, മഴ നിഴൽ പ്രദേശം

5. ഉത്തരപർവ്വത മേഖലയിലെ പർവ്വത നിരകൾ ഏതെല്ലാം? ഏതെങ്കിലും ഒന്നിനെകുറിച്ച് വിശദീകരിക്കുക (സ്കോർ 6)

**ഉത്തരസൂചിക**

i. ഹിമാലയൻ നിരകൾ ii. ട്രാൻസ്-ഹിമാലയൻ നിരകൾ

iii. കിഴക്കൻ മലനിരകൾ/പൂർവ്വാചൽ (സ്കോർ 3)

ഏതെങ്കിലും ഒന്നിന്റെ സവിശേഷത വിശദീകരിക്കുന്നതിന് 3 സ്കോർ

6. ചുവടെ നൽകിയിട്ടുള്ള സൂചകങ്ങൾ ഉപയോഗപ്പെടുത്തി ഹിമാലയൻ നദികളുടെയും ഉപ ദ്വീപിയൻ നദികളുടെയും താരതമ്യം ചെയ്യുക. (സ്കോർ 4)

*സൂചകങ്ങൾ:-*

അപരദന തീവ്രത, ജലലഭ്യത, വൃഷ്ടിപ്രദേശം, ജലഗതാഗതം (സ്കോർ 4)

**ഉത്തരസൂചിക**

| ഹിമാലയൻ നദികൾ | ഉപദ്വീപിയൻ നദികൾ |
|---|---|
| അപരദന തീവ്രത കൂടുതൽ | അപരദന തീവ്രത കുറവ് |
| മഞ്ഞ്, മഴ എന്നിവയിലൂടെ ജലം ലഭിക്കുന്നു. | മഴയെ മാത്രം ആശ്രയിക്കുന്നു |
| വിസ്തൃതികൂടിയ വൃഷ്ടിപ്രദേശം | വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| ജലഗതാഗതം സാധ്യമാണ് | ജലഗതാഗത സാധ്യത കുറവ് |

7. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നദി ഏതെന്ന് തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക (സ്കോർ 4)

i. ഉപദ്വീപിയൻ നദികളിൽ ഏറ്റവും നീളം കൂടിയ നദി

ii. മധ്യപ്രദേശിലെ മൈക്കലാ നിരകളിൽ നിന്നും ഉത്ഭവിക്കുന്നു

iii. ആഗർ, ഗിർന എന്നിവ ഈ നദിയുടെ പോഷകനദികളാണ്

iv. ചത്തീസ്ഗഡിലെ മൈക്കലാ നിരകളിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ പതിക്കുന്നു.

**ഉത്തരസൂചിക**

i. ഗോദാവരി ii. മഹാനദി iii. താപ്തി iv. നർമ്മദ

8. ഇന്ത്യയുടെ കാലാവസ്ഥയിലുള്ള വ്യത്യാസങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ എന്തെല്ലാം? (ഏതെങ്കിലും 3 എണ്ണം) (സ്കോർ 3)

**ഉത്തരസൂചിക**

അക്ഷാംശീയ സ്ഥാനം, ഹിമാലയ പർവ്വതനിര

സമുദ്രസാമീപ്യം, കാറ്റുകൾ

സമുദ്രത്തിൽ നിന്നുള്ള അകലം, ഉയരം

ഭൂപ്രകൃതി

9. ഹിമാലയത്തിലെ മൂന്ന് പർവ്വതനിരകൾ ഏതെല്ലാം? ഓരോന്നിന്റെയും 2 സവിശേഷതകൾ എഴുതുക. (സ്കോർ 5)

**ഉത്തരസൂചിക**

i). ഹിമാദ്രി ii. ഹിമാചൽ iii. സിവാലിക്

*ഹിമാദ്രി* :

ഏറ്റവും ഉയരമേറിയത്, മഞ്ഞ്മൂടി കാണപ്പെടുന്നു. ജനവാസയോഗ്യമല്ല.

*ഹിമാചൽ:*

മടക്ക് പർവ്വതനിര, മനോഹരമായ താഴ്‌വരകൾ, സുഖവാസകേന്ദ്രങ്ങൾ എന്നിാവ സ്ഥിതിചെയ്യുന്നു.

*സിവാലിക്* :

ഇടതൂർന്ന കാടുകളും വന്യജീവികളും കാണപ്പെടുന്നു. വിസ്തൃതമായ താഴ്‌വരകൾ കാണപ്പെടുന്നു. (ഡ്യൂൺസി) (3½)

10. ഡക്കാൻ ദ്വീപ് മേഖല എന്നറിയപ്പെടുന്ന ഭൂഭാഗം ഏത്?
അതിന്റെ സവിശേഷതകൾ എഴുതുക. (സ്കോർ 3)

**ഉത്തരസൂചിക**

ഡക്കാൻ പീഠഭൂമിയുടെ വടക്ക് പടിഞ്ഞാറ് ഭാഗം (1)

**സവിശേഷതകൾ**

- ലോകത്തിലെ ഏറ്റവും വലിയ ലാവാ പീഠഭൂമികളിൽ ഒന്ന്.
- ആഗ്നേയ ശിലകളാൽ നിർമ്മിതമാണ്.

11. കിഴക്കൻ തീരസമതലത്തെയും പടിഞ്ഞാറൻ തീരസമതലത്തെയും താരതമ്യം ചെയ്യുക.
(ഏതെങ്കിലും 3 എണ്ണം എഴുതുക) (സ്കോർ 3)

**ഉത്തരസൂചിക**

| | കിഴക്കൻ തീരസമതലം | പടിഞ്ഞാറൻ തീരസമതലം |
|---|---|---|
| i. | സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരിക്കുന്നു. | റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ |
| ii. | പൂർവ്വഘട്ടത്തിലും ബംഗാൾ ഉൾക്കടലിനും ഇടയിൽ | പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ |
| iii. | വടക്ക്-കിഴക്കൻ മൺസൂൺ കൂടുതലായി ലഭിക്കുന്നു. | തെക്ക്-പടിഞ്ഞാറൻ മൺസൂൺ കൂടുതലായി ലഭിക്കുന്നു |
| iv. | കോറമാൻഡൽ, വടക്കൻ സിർക്കാസ് | കൊങ്കൺ തീരം, മലബാർ തീരം |

12. നൈസർഗ്ഗിക സസ്യജാലങ്ങളുടെ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം? (സ്കോർ 2)

**ഉത്തരസൂചിക**

ഭൂപ്രകൃതി, കാലാവസ്ഥ, മഴയുടെ അളവ്, മണ്ണ്

13. ഇന്ത്യയിലെ പ്രധാന നൈസർഗ്ഗിക സസ്യജാലങ്ങൾ ഏതൊക്കെ? ഏതെങ്കിലും 2 എണ്ണത്തിന്റെ പ്രത്യേകതകൾ എഴുതുക. (സ്കോർ 5)

**ഉത്തരസൂചിക**

1. ഉഷ്ണമേഖലാ മഴക്കാടുകൾ
2. ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ
3. മുൾച്ചെടികളും കുറ്റിച്ചെടികളും
4. കണ്ടൽക്കാടുകൾ
5. പർവ്വത വനങ്ങൾ (സ്കോർ 2½)

14. ഇന്ത്യയുടെ സംസ്കാരത്തിലും ജനജീവിതത്തിലും ഉത്തരപർവ്വത മേഖലയുടെ സ്വാധീനം വ്യക്തമാക്കുക. (ഏതെങ്കിലും 3 എണ്ണം എഴുതുക) (സ്കോർ 3)

**ഉത്തരസൂചിക**

1. വിദേശാക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. തനത് സംസ്കാരം രൂപീകരിക്കുന്നു.
2. ഉത്തര ഏഷ്യയിൽ നിന്നുള്ള ശീതക്കാറ്റിനെ തടഞ്ഞു നിർത്തി അതിശൈത്യത്തിൽ നിന്ന് സംരക്ഷിക്കുന്നു.
3. മൺസൂൺ കാറ്റുകളെ തടഞ്ഞ് നിർത്തി മഴ ലഭ്യമാക്കുന്നു.
4. വിനോദസഞ്ചാര കേന്ദ്രം
5. പർവ്വത വനങ്ങൾ (സ്കോർ 2½)

ഏതെങ്കിലും 2 എണ്ണത്തിന്റെ സവിശേഷത എഴുതുന്നതിന് (സ്കോർ 2½)

14. ഇന്ത്യയുടെ സംസ്കാരത്തിലും ജനജീവിതത്തിലും ഉത്തരപർവ്വതമേഖലയുടെ സ്വാധീനം വ്യക്തമാക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

1. വിദേശാക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. തനത് സംസ്കാരം രൂപീകരിക്കുന്നു.

2. ഉത്തര ഏഷ്യയിൽ നിന്നുള്ള ശീതകാറ്റിനെ തടഞ്ഞു നിർത്തി അതിശൈത്യത്തിൽ നിന്ന് സംരക്ഷിക്കുന്നു.
3. മൺസൂൺ കാറ്റുകളെ തടഞ്ഞ്നിർത്തി മഴ ലഭ്യമാക്കുന്നു.
4. വിനോദസഞ്ചാര കേന്ദ്രം
5. വിവിധങ്ങളായ വനവിഭവങ്ങൾ ലഭ്യമാകുന്നു.

15. അന്തരീക്ഷ താപനിലയുടെയും മഴയുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഋതുക്കളെ എത്രയായി തരംതിരിച്ചിരിക്കുന്നു. അവ ഏവ? ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിശദീകരിക്കുക. (സ്കോർ 5)

**ഉത്തരസൂചിക**

1. ശൈത്യകാലം
2. ഉഷ്ണകാലം
3. തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലം
4. വടക്ക്-കിഴക്കൻ മൺസൂൺ കാലം/മൺസൂണിന്റെ പിൻവാങ്ങൽ കാലം (½x4=2)

ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിശദീകരിക്കുന്നതിന് 3 സ്കോർ, ആകെ സ്കോർ 5

16. പശ്ചിമ അസ്വസ്ഥത എന്താണെന്ന് വ്യക്തമാക്കുക. പഞ്ചാബിന്റെ കാർഷിക മേഖലയെ ഇത് എങ്ങനെ സ്വാധീനിക്കുന്നു.? (സ്കോർ 3)

**ഉത്തരസൂചിക**

ശൈത്യകാലത്ത് മെഡിറ്ററേനിയൻ കടലിനുമുകളിൽ രൂപംകൊള്ളുന്ന ശക്തമായ ന്യൂനമർദ്ദം ട്രോപ്പോസ്ഫിയറിന് മുകളിലൂടെ വീശുന്ന അതിശക്തമായ വായുപ്രവാഹങ്ങളായ ജെറ്റ് പ്രവാഹങ്ങളുടെ സഹായത്താൽ കിഴക്കോട്ട് സഞ്ചരിച്ച് ഇന്ത്യയിലെത്തുന്നു. പശ്ചിമ അസ്വസ്ഥത എന്നറിയപ്പെടുന്ന ഈ കാറ്റുകൾ ഹിമാലയത്തിനുമുകളിൽ വൻഹിമപാതത്തിന് കാരണമാവുകയും ചെയ്യുന്നു. (2)

പഞ്ചാബിൽ ശൈത്യകാല മഴയ്ക്ക് കാരണമാകുന്നു. ഇത് ഗോതമ്പ്, ബാർലി മുതലായ റാബി വിളകൾക്ക് പ്രയോജനകരമാണ്. (1)

17. ഇന്ത്യയിലെ പ്രധാന മണ്ണിനങ്ങളെയും അവയുടെ സവിശേഷതകളെയുംക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

(ഏതെങ്കിലും മൂന്നെണ്ണം)

**ഉത്തരസൂചിക**

സവിശേഷതകൾ

1. പർവ്വത മണ്ണ് : ഉയർന്ന ഫലപുഷ്ടി, ഇരുണ്ട തവിട്ട് നിറമോ കറുപ്പ് നിറമോ
2. എക്കൽ മണ്ണ് : ഉയർന്ന ഫലപുഷ്ടി, നദീതീരങ്ങളിലും ഡെൽറ്റാ പ്രദേശങ്ങളിലും
3. ചെമ്മണ്ണ്/ചുവന്ന മണ്ണ് : ഇരുമ്പിന്റെ അംശം കൂടുതൽ, ഫലപുഷ്ടി കുറവ്
4. കറുത്ത മണ്ണ് : ലാവാശിലകളിൽ നിന്ന് രൂപം കൊള്ളുന്നു, ഫലപുഷ്ടി, ഈർപ്പം ശേഖരിച്ചുവെയ്ക്കാൻ കഴിവുള്ളത്.
5. ചെങ്കൽമണ്ണ് : ചെളിയും ചുവന്ന മണൽകല്ലും ചേർന്ന മിശ്രിതം.
6. മരുഭൂമി മണ്ണ് : ലവണാംശം കൂടുതലും ഈർപ്പം കുറവും ഫലപുഷ്ടി കുറവ്

(3x2=6)

18. ഉത്തരായന രേഖ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തി എഴുതുക. (സ്കോർ 2)

ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, പശ്ചിമബംഗാൾ, ത്രിപുര, മിസോറം. (1/4X8 = 2)

19. ഇന്ത്യയിൽ മഴയുടെ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

**OR**

ഇന്ത്യയിൽ മഴയുടെ വിതരണത്തിലുള്ള അസന്തുലിതാവസ്ഥയ്ക്ക് കാരണങ്ങൾ എന്തെല്ലാം? (സ്കോർ 2)

(ഏതെങ്കിലും 4 എണ്ണം)

**ഉത്തരസൂചിക**

1. സമുദ്രസാമീപ്യം
2. സമുദ്രത്തിൽ നിന്നുള്ള അകലം
3. പർവ്വതനിരകളുടെ സ്ഥാനം
4. കാറ്റിന്റെ ദിശ
5. ഭൂഭാഗത്തിന്റെ വിസ്തൃതി (½x4=2)

20. ഉത്തരമഹാസമതലം രൂപപ്പെട്ടതെങ്ങനെ? ഇതിന്റെ സവിശേഷതകൾ എന്തൊക്കെയാണ്? (ഏതെങ്കിലും 3 എണ്ണം) (സ്കോർ 4)

**ഉത്തരസൂചിക**

1. സിന്ധു-ഗംഗ-ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷക നദികളും - അവസാദ നിക്ഷേപത്താൽ രൂപം കൊണ്ടത്. (സ്കോർ 2)
2. സവിശേഷതകൾ

- ലോകത്തിലെ വിസ്തൃതിയേറിയ എക്കൽ സമതലം
- ഫലപുഷ്ടിയുള്ളത്, ഏറ്റവും അധികം ഭക്ഷ്യധാന്യങ്ങളും കരിമ്പും ഉല്പാദിപ്പിക്കുന്നു.
- ജനസാന്ദ്രതയേറിയ മേഖല
- റെയിൽ-റോഡ് ഗതാഗത ശൃംഖല (സ്കോർ 3)

***

## യൂണിറ്റ് 5

# ഇന്ത്യ-സാമ്പത്തിക ഭൂമിശാസ്ത്രം

രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി നിർണ്ണയിക്കുന്ന പ്രധാനഘടകമാണ് വിഭവലഭ്യത. നമ്മുടെ രാജ്യമായ ഇന്ത്യ വിഭവങ്ങളാൽ സമ്പന്നമാണ്. രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള സമ്പന്നമായ കാർഷിക മേഖല, വികസിക്കാൻ വെമ്പിനിൽക്കുന്ന വ്യവസായ മേഖല, സമുദ്ര ഉൾനാടൻ ജലഗതാഗത സാധ്യതകൾ, റോഡ് - റെയിൽ ഗതാഗതത്തിന് അനുയോജ്യമായ സമതലപ്രദേശങ്ങൾ, വ്യോമഗതാഗത സൗകര്യങ്ങൾ തുടങ്ങിയവ നമ്മുടെ സാമ്പത്തിക വികസനത്തിന് അനുകൂലമാണ്. ഇത്തരം സവിശേഷതകൾ ഈ യൂണിറ്റിലൂടെ ചർച്ചചെയ്യപ്പെടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- ഇന്ത്യയിലെ കാർഷിക കാലങ്ങൾ
- പ്രധാന ഭക്ഷ്യ, നാണ്യ, തോട്ടവിളകൾ
- വ്യവസായങ്ങൾ
- വിവിധ ഗതാഗത മാർഗ്ഗങ്ങൾ, റോഡ്, റെയിൽ
- വ്യോമ, ജലഗതാഗത മാർഗ്ഗങ്ങൾ

1. ചുവടെ കൊടുത്തിരിക്കുന്ന വിളകളെ ഭക്ഷ്യവിളകൾ, നാണ്യവിളകൾ, തോട്ടവിളകൾ എന്നിങ്ങനെ തരംതിരിക്കുക.
   a. നെല്ല് b. ചണം c. റബ്ബർ
   d. കാപ്പി e. കരിമ്പ് f. ചോളം (സ്കോർ 3)

**ഉത്തരസൂചിക**

ഭക്ഷ്യവിളകൾ - നെല്ല്, ചോളം
നാണ്യവിളകൾ - ചണം, കരിമ്പ്
തോട്ടവിളകൾ - റബ്ബർ, കാപ്പി

2. ഇന്ത്യയിലെ പ്രധാന കാർഷിക കാലങ്ങൾ ഏതെല്ലാം? ഉദാഹരണ സഹിതം വിശദീകരിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

*ഖാരിഫ്*

മൺസൂണിന്റെ ആരംഭത്തോടെ കൃഷിയിറക്കി മൺസൂണിന്റെ അവസാനത്തോടെ വിളവെടുക്കുന്നു.

ഉദാഹരണം: നെല്ല്, ചോളം

*റാബി*

ശൈത്യകാലത്തിന്റെ ആരംഭത്തോടെ വിളയിറക്കുകയും വേനലിന്റെ ആരംഭത്തോടെ വിളവെടുക്കുകയും ചെയ്യുന്നു.

ഉദാഹരണം :- ഗോതമ്പ്, ബാർലി

*സൈദ്*

വേനലിന്റെ ആരംഭത്തോടെ വിളയിറക്കി മൺസൂണിന്റെ ആരംഭത്തോടെ വിളയെടുക്കുന്നു.

ഉദാഹരണം :- പച്ചക്കറി, പഴവർഗ്ഗങ്ങൾ

3. നെൽകൃഷി, ഗോതമ്പ് കൃഷി എന്നിവയുടെ ഉല്പാദനത്തെ സ്വാധീനിക്കുന്ന അനുകൂല ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുക. (സ്കോർ 4)

ഉത്തസൂചിക

നെൽകൃഷി - മഴയുടെ അളവ് 150സെ.മീ., ഊഷ്മാവ് $24^{0}c$, മണ്ണിനം - എക്കൽമണ്ണ്, കളിമണ്ണ്

ഗോതമ്പ് കൃഷി - മഴയുടെ അളവ് - 50സെ.മീ. മുതൽ 70സെ.മീ. വരെ., ഊഷ്മാവ് - വിളയിറക്കുമ്പോൾ $10^{0}c$ ഉം വിളവെടുപ്പിന് $15^{0}c$ മുതൽ $20^{0}c$ വരെ.

മണ്ണിനം - എക്കൽമണ്ണ്, നീർവാഴ്ച്ചയുള്ളതും ഫലഭൂയിഷ്ടമായ മണ്ണ്.

4. കേരളത്തിൽ ചണവ്യവസായം കാണപ്പെടുന്നില്ല. കാരണമെന്ത്? (സ്കോർ 3)

**ഉത്തരസൂചിക**

- അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്
- തൊഴിലാളി ദൗർലഭ്യം
- പ്രധാനമായും പശ്ചിമ ബംഗാളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

5. വ്യവസായങ്ങളുടെ സ്ഥാനിർണ്ണയത്തെ സ്വാധീനിക്കുന്ന പ്രധാനഘടകങ്ങൾ എന്തെല്ലാം? (സ്കോർ 4)

**ഉത്തരസൂചിക**

- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- ഊർജ്ജലഭ്യത
- തൊഴിലാളികളുടെ ലഭ്യത
- ഗതാഗത സൗകര്യം
- ജലലഭ്യത മുതലായവ

6. കൃഷി അധിഷ്ഠിത വ്യവസായങ്ങൾ പ്രധാനമായും ഉത്തര മഹാസമതല പ്രദേശത്തും ധാതു അധിഷ്ഠിത വ്യവസായങ്ങൾ ഉപദ്വീപിയ പീഠഭൂമി പ്രദേശങ്ങളിലും കേന്ദ്രീകരിക്കാനുള്ള കാരണമെന്ത്? (സ്കോർ 4)

**ഉത്തരസൂചിക**

- കൃഷി അധിഷ്ഠിത വ്യവസായങ്ങളുടെ അസംസ്കൃത വസ്തുലഭ്യത
- ഉത്തരമഹാസമതലം - എക്കൽ മണ്ണ് നിക്ഷേപം - എക്കൽമണ്ണ് നിക്ഷേപം - ഹിമാലയൻ നദികളുടെ സാമീപ്യം - വിവിധ കാർഷിക വിളകളാൽ സമ്പന്നം.
- ധാതു അധിഷ്ഠിത വ്യവസായങ്ങളുടെ അസംസ്കൃത വസ്തു ലഭ്യത കൂടുതൽ - ഉപദ്വീപിയ പീഠഭൂമി - ധാതുക്കളാൽ സമ്പന്നം.

7. A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ ക്രമപ്പെടുത്തുക.

| A | | B | C |
|---|---|---|---|
| (i) | ടാറ്റ അയേൺ & സ്റ്റീൽ കമ്പനി (TISCO) | ഭദ്രാവതി | 1923 |
| (ii) | വിശേശ്വരയ്യ അയേൺ & സ്റ്റീൽ ലിമിറ്റഡ് (VISL) | ജംഷഡ്പൂർ | 1972 |
| (iii) | ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് (HSL) | ബേൺപൂർ | 1907 |
| (iv) | ഇന്ത്യൻ അയേൺ & സ്റ്റീൽ കമ്പനി (IISCO) | ഭിലായ് | 1957 |

(സ്കോർ 4)

**ഉത്തരസൂചിക**

i. TISCO - ജംഷഡ്പൂർ - 1907

ii. VISL - ഭദ്രാവതി - 1923

iii. HSL - ഭിലായ് - 1957

iv. ISSCO - ബേൺപൂർ - 1972

8. ചുവടെ കൊടുത്തിരിക്കുന്ന ഇരുമ്പുരുക്ക് ശാലകൾ സ്ഥാപിച്ചിരിക്കുന്നത് ഏത് രാജ്യത്തിന്റെ സഹകരണത്തോടുകൂടിയാണെന്ന് കണ്ടെത്തുക. (സ്കോർ 3)

(i) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് (HSL), ഭിലായ്

(ii) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് (HSL), റൂർക്കേല

(iii) ഹിന്ദുസ്ഥാൻ സ്റ്റീൽ ലിമിറ്റഡ് (HSL), ദുർഗാപൂർ

**ഉത്തരസൂചിക**

(i) റഷ്യ

(ii) ജർമ്മനി

(iii) ഇംഗ്ലണ്ട്

9. കേരളത്തിൽ ഇടുക്കി, വയനാട് ജില്ലകളിൽ റെയിൽ ഗതാഗത മാർഗ്ഗം ഇല്ലാത്തതിന്റെ കാരണമെന്ത്? (സ്കോർ 3)

**ഉത്തരസൂചിക**

- ഭൂപ്രകൃതിയുടെ പ്രത്യേകത
- കുന്നുകളും പർവ്വത നിരകളും
- ജനവാസം കുറവ്

10. ഇന്ത്യയിൽ എത്ര റെയിൽവേ സോണുകൾ ഉണ്ട്? ഇതിൽ കേരളും ഉൾപ്പെടുന്ന റെയിൽവേ സോൺ ഏത്? (സ്കോർ 2)

**ഉത്തരസൂചിക**

ഇന്ത്യയിൽ 16 റെയിൽവേ സോണുകൾ ഉണ്ട്. ഇതിൽ കേരളം ദക്ഷിണ റെയിൽവേ സോണിൽ ഉൾപ്പെടുന്നു.

11. ഇന്ത്യയിലെ പ്രധാന ഗതാഗത മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിക്കുക (സ്കോർ 6)

**ഉത്തരസൂചിക**

- *റോഡ് ഗതാഗതം* – ദേശീയപാത, സംസ്ഥാനപാത, ജില്ലാ റോഡ്, ഗ്രാമീണ റോഡുകൾ
- *റെയിൽ ഗതാഗതം* – 16 റെയിൽവേ സോണുകൾ
- ജലഗതാഗത – NW1, NW2, NW3

  ദേശീയ ജലപാത1 (NW1) - അലഹബാദ് – ഹാൽഡിയ – ഗംഗ

  ദേശീയ ജലപാത 2 (NW2) - സദിയ – ധൂബ്രി – ബ്രഹ്മപുത്ര നദി

  ദേശീയ ജലപാത 3 (NW3) - കോട്ടപ്പുറം (എറണാകുളം, പറവൂർ) – കൊല്ലം വെസ്റ്റ് കോസ്റ്റ് കനാൽ.
- *വ്യോമഗതാഗതം*

12. ഇന്ത്യയിലെ ചില പ്രധാന തുറമുഖങ്ങൾ താഴെകൊടുക്കുന്നു. അവയെ പടിഞ്ഞാറൻ തീരസമതലത്തുള്ളവയെന്നും കിഴക്കൻ തീരസമതലത്തുള്ളവയെന്നും തരംതിരിക്കുക.
a. കണ്ട്‌ല b. കൊൽക്കത്ത c. പാരദ്വീപ് d. മുംബൈ e. വിശാഖപട്ടണം f. മംഗലാപുരം g. കൊച്ചി h. തൂത്തുകുടി

(സ്കോർ 4)

**ഉത്തരസൂചിക**

- പടിഞ്ഞാറൻ തീരസമതലത്ത് സ്ഥിതിചെയ്യുന്നവ – a. കണ്ട്‌ല d. മുംബൈ f. മംഗലാപുരം g. കൊച്ചി
- കിഴക്കൻ തീരസമതലത്ത് സ്ഥിതിചെയ്യുന്നവ – b. കൊൽക്കത്ത c. പാരദ്വീപ് e. വിശാഖപട്ടണം h. തൂത്തുകുടി

13. കാർഷികവിളകളുടെ ഉല്പാദനത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാം?
(സ്കോർ 3)

**ഉത്തരസൂചിക**

- ഭൂപ്രകൃതി – മണ്ണിന്റെ പ്രകൃതം, ജലലഭ്യത
- കാലാവസ്ഥ – മഴയുടെ അളവ്, ഊഷ്മാവ്

14. ചുവടെ കൊടുത്തിരിക്കുന്ന ഇന്ത്യൻ റെയിൽ ഗതാഗതവുമായി ബന്ധപ്പെട്ട പട്ടിക ഉചിതമായ രീതിയിൽ പൂരിപ്പിക്കുക (സ്കോർ 4)

| **റെയിൽവേ മേഖല** | **ആസ്ഥാനം** |
|---|---|
| ഉത്തരമധ്യ റെയിൽവേ | ___A___ |
| ___B___ | കൊൽക്കത്ത |
| ദക്ഷിണ പശ്ചിമ റെയിൽവേ | ___C___ |
| ___D___ | നവിമുംബൈ |

**ഉത്തരസൂചിക**

A - അലഹബാദ്

B - പൂർവ്വ റെയിൽവേ

C - ഹൂബ്ലി

D - കൊങ്കൺ റെയിൽവേ

***

## അധ്യായം 6

# ഇന്ത്യ-മാനവിക ഭൂമിശാസ്ത്രം

പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായ ഇന്ത്യ മനുഷ്യവിഭവങ്ങളാലും സമ്പന്നമാണ്. അമിതമായ ജനസംഖ്യാവർധന രാജ്യപുരോഗതിയെ പിന്നോട്ട് വലിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കേണ്ടത് ഗവൺമെന്റിന്റെ ഭാരിച്ച ഉത്തരവാദിത്വമാണ്. നമ്മുടെ മനുഷ്യവിഭവത്തെ കൂടുതൽ ഉല്പാദനക്ഷമം ആക്കേണ്ടതുണ്ട്. ഉല്പാദനക്ഷമമായ ഗുണമേന്മയുള്ള മനുഷ്യവിഭവം രൂപപ്പെടുത്തിയെടുത്ത കേരളമോഡൽ ലോകശ്രദ്ധ ആകർഷിച്ചിരുന്നു. ഈ കാലഘട്ടത്തിൽ മനുഷ്യവിഭവം കൂടുതൽ ചലനാത്മകമാണ്. ഈ ചലനാത്മകത കുടിയേറ്റത്തിന് കാരണമാകുന്നു. ഇവ വാസസ്ഥലങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുകയും ചെയ്യുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- ജനസംഖ്യയും ജനസംഖ്യാവിതരണവും
- ജനസംഖ്യാ വിശകലനത്തിന്റെ പ്രാധാന്യം
- ജനസംഖ്യാ വളർച്ച - പ്രത്യേകതകൾ
- ഇന്ത്യയിലെ ജനസംഖ്യയുടെ സവിശേഷതകൾ
- കേരള മാതൃക
- കുടിയേറ്റം
- വാസസ്ഥലങ്ങൾ

1. ജനസംഖ്യാവിശകലനത്തിന്റെ ആവശ്യകത എന്ത്?

**ഉത്തരസൂചിക**

- മാനവശേഷിയുടെ ലഭ്യത അറിയാൻ
- അടിസ്ഥാന ആവശ്യങ്ങൾ തിട്ടപ്പെടുത്താൻ
- ജനസംഖ്യാപ്രശ്നങ്ങൾ തിരിച്ചറിയാൻ
- മറ്റ് രാജ്യങ്ങളിലെ ജനസംഖ്യയുമായി താരതമ്യം ചെയ്യൽ

(സ്കോർ 2)

2. ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?

**ഉത്തരസൂചിക**

കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ

(സ്കോർ 2)

3. ഇന്ത്യയിൽ ജനസംഖ്യാ വളർച്ചയുടെ കാരണങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

-ദാരിദ്ര്യം, അന്ധവിശ്വാസം - നിരക്ഷരത - കുടിയേറ്റം, ഉയർന്ന പ്രത്യുൽപ്പാദന ശേഷി - കുറഞ്ഞ മരണനിരക്ക് - ഉയർന്ന ജനനനിരക്ക്

(സ്കോർ 3)

4. ഇന്ത്യയിൽ ജനസംഖ്യാവളർച്ച സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

**ഉത്തരസൂചിക**

-പട്ടിണി - ദാരിദ്ര്യം - തൊഴിലില്ലായ്മ - അന്തരീക്ഷ മലീനീകരണം - വിലക്കയറ്റം - സാമ്പത്തിക പ്രശഅനങ്ങൾ - അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് - കുടിയേറ്റം - നഗരവൽക്കരണം - പാർപ്പിട പ്രശ്നം (സ്കോർ 3)

5. ഇന്ത്യയിൽ നഗരവൽക്കരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഏവ? (സ്കോർ 3)

**ഉത്തരസൂചിക**

- ചേരികളുടെ ഉത്ഭവം - പരിസര മലിനീകരണം - പകർച്ച വ്യാധികൾ - പാർപ്പിട പ്രശ്നം - അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതകുറവ് - ട്രാഫിക് തടസങ്ങൾ - കുറ്റകൃത്യങ്ങളുടെ വർദ്ധനവ്

6. കുടിയേറ്റം എന്നാലെന്ത്? വിവിധതരം കുടിയേറ്റങ്ങൾ ഉദാഹരണ സഹിതം എഴുതുക.

(സ്കോർ 6)

**ഉത്തരസൂചിക**

- സ്വന്തം ദേശം വിട്ട് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുകയും താമസിക്കുകയും ചെയ്യുന്നത് കുടിയേറ്റം.

*തദ്ദേശീയ കുടിയേറ്റം*

സംസ്ഥാനത്തിനകത്ത് തന്നെയുള്ള കുടിയേറ്റം

ഉദാ:- കോട്ടയത്ത് നിന്ന് കാസർകോട്ടേക്കുള്ള കുടിയേറ്റം

*ആഭ്യന്തരകുടിയേറ്റം*

രാജ്യത്തിനകത്ത് തന്നെയുള്ള കുടിയേറ്റം.

ഉദാ:- കേരളത്തിൽ നിന്ന് ലക്ഷദ്വീപിലേക്കുള്ള കുടിയേറ്റം

*അന്തർദേശീയ കുടിയേറ്റം*

ഒരു രാജ്യം വിട്ട് മറ്റൊരു രാജ്യത്തേക്കുള്ള കുടിയേറ്റം.

ഉദാ:- ഗൾഫ് നാടുകളിലേക്കുള്ള കുടിയേറ്റം

7. കുടിയേറ്റത്തിനുള്ള കാരണങ്ങൾ ഫ്ളോ ചാർട്ട് പൂർത്തിയാക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

കുടിയേറ്റത്തിനുള്ള കാരണങ്ങൾ

- നിർബന്ധിത കുടിയേറ്റം
  - പകർച്ചാവ്യാധി, യുദ്ധം, പ്രകൃതിക്ഷോഭം, രാഷ്ട്രീയ അരക്ഷിതാവസ്ഥ
- ആകർഷിത കുടിയേറ്റം
  - ആകർഷകമായ ജോലി, ഉയർന്ന ശമ്പളം, സുരക്ഷിതത്വം, വിദ്യാഭ്യാസം

8. കുടിയേറ്റത്തിന്റെ അനന്തരഫലങ്ങൾ, ഗുണങ്ങളും ദോഷങ്ങളും പട്ടികപ്പെടുത്തുക.

| **കുടിയേറ്റത്തിന്റെ ദോഷങ്ങൾ** | **കുടിയേറ്റത്തിന്റെ ഗുണങ്ങൾ** |
|---|---|
| ❑ ചേരികളുടെ ഉത്ഭവം | ❑ സാംസ്കാരിക വിനിമയം |
| ❑ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവ് | ❑ മാനവ വിഭവശേഷിയുടെ കൈമാറ്റം |
| ❑ മാലിന്യപ്രശ്നങ്ങൾ | ❑ ഭാഷാ കൈമാറ്റം |
| ❑ ആരോഗ്യ പ്രശ്നങ്ങൾ | ❑ സാമ്പത്തീക വികസനം |
| ❑ പകർച്ചാവ്യാധികൾ | |
| ❑ തൊഴിലില്ലായ്മ | |
| ❑ ക്രമസാധാന പ്രശ്നങ്ങൾ | |
| ❑ ചേരികൾ | |

(സ്കോർ 4)

9. ഇന്ത്യയിലെ ജനസംഖ്യാനയത്തെക്കുറിച്ച് വിശദീകരിക്കുക. (സ്കോർ 3)

- 1976 ൽ ആദ്യമായി രൂപം നൽകി
- കുടുംബാശ്രൂത്രണത്തിനും കുടുംബക്ഷേമത്തിനും ആവശ്യമായ നടപടികൾ
- ജനസംഖ്യാ വളർച്ച നിയന്ത്രിച്ച് രാഷ്ട്രത്തിന്റെ സാമൂഹ്യസാമ്പത്തിക പുരോഗതി ഉറപ്പ് വരുത്തൽ.

11. നഗരങ്ങളെ അവ നൽകുന്ന സുപ്രധാനസേവനത്തിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുക.
(സ്കോർ 6)

| സേവനം | ഇന്ത്യൻ നഗരങ്ങൾ |
|---|---|
| ഭരണനഗരങ്ങൾ | ഡൽഹി, ഭോപാൽ, ബാംഗ്ലൂർ |
| വ്യവസായ നഗരങ്ങൾ | കോയമ്പത്തൂർ, മുംബൈ, ജംഷഡ്പൂർ |
| ഗതാഗത നഗരങ്ങൾ | വിശാഖപട്ടണം, കണ്ട്ല, ആഗ്ര |
| ഖനന നഗരങ്ങൾ | റാണിഗഞ്ച്, ദ്രിഗ്ബോയ്, ഝാറിയ |
| വാണിജ്യനഗരങ്ങൾ | കൊൽക്കത്ത, അഹമ്മദാബാദ്, ചെന്നൈ |
| സുരക്ഷാ നഗരങ്ങൾ | അംബില, ജലന്ധർ, മീററ്റ് |
| വിദ്യാഭ്യാസ നഗരങ്ങൾ | റൂർക്കി, അലിഗഡ്, വാരണാസി |
| മതസാംസ്കാരിക നഗരങ്ങൾ | അമൃത്സർ, മധുരാപുരി, തിരുപ്പതി |
| സുഖവാസ നഗരങ്ങൾ | സിംല, ഊട്ടി, നൈനിറ്റാൾ |

12. ആശ്രിത നിരക്ക് പങ്കാളിത്ത നിരക്ക് എന്നിവകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

**ഉത്തരസൂചിക**

*ആശ്രിതനിരക്ക്*

15 വയസ്സിന് താഴെയുള്ളവരും 60 വയസ്സിന് മുകളിലുള്ളവരും

*പങ്കാളിത്ത നിരക്ക്*

ആകെ ജനസംഖ്യയിൽ തൊഴിലെടുക്കുന്നവരുടെ വിഹിതമാണിത്. 16–59 വരെ സാമൂഹ്യ പുരോഗതിയുടെ അളവുകോലാണിത്.

13. വാസസ്ഥലങ്ങളുടെ രൂപീകരണത്തിന് ഇടയാക്കുന്ന ഘടകങ്ങൾ ഏവ? വിവിധ വാസസ്ഥലങ്ങളുടെ രൂപമാതൃകകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.


**ഉത്തരസൂചിക**

ഭൂപ്രകൃതി, ഗതാഗത സൗകര്യങ്ങൾ, ജലസ്രോതസ്സുകൾ, കാലാവസ്ഥ, ജലലഭ്യത, വിഭവലഭ്യത, മണ്ണിന്റെ ഫലപുഷ്ടി.

*രേഖീയ ആകൃതി* – റോഡുകൾക്കോ നദികൾക്കോ സമാന്തരമായി വരിവരിയായി കാണുന്ന വാസസ്ഥലങ്ങൾ

*ത്രികോണാകൃതി* – റെയിൽ, റോഡ്, നദി എന്നിവ ഖണ്ഡിക്കുന്ന സ്ഥലങ്ങൾ – നക്ഷത്രമാതൃക – നിരവധി റോഡുകൾ ചേരുന്നിടത്ത്.

14. വാസസ്ഥലങ്ങളുടെ ഒരു ഫ്ളോ ചാർട്ട് തയ്യാറാക്കുക.




***

## അധ്യായം 7

# ഒരൊറ്റഭൂമി

നാം അധിവസിക്കുന്ന ഭൂമി നമുക്ക് പൈതൃകമായി ലഭിച്ചതാണ്. ഇത് നമ്മുടേത് മാത്രമല്ല, വരുന്ന തലമുറകൾക്കും വേണ്ടിയുള്ളതാണ്. അജൈവ അവസ്ഥയിലുള്ള ഭൗമ മണ്ഡലവും ജൈവാവസ്ഥയിലുള്ള ജൈവമണ്ഡലവും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന ധാരണ രൂപപ്പെടാൻ ഈ യൂണിറ്റ് ലക്ഷ്യമിടുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

- ജൈവമണ്ഡലം
- ബയോമുകൾ
- ഭൗമമണ്ഡലത്തിന്റെ ഘടകങ്ങൾ
- ആവാസവ്യവസ്ഥയിലെ മാറ്റം

1. ബയോംസ് എന്നാലെന്ത്? ഭൂമിയിലെ പ്രധാന ബയോംസിന് 5 ഉദാഹരണങ്ങൾ എഴുതുക. (സ്കോർ 3)

**ഉത്തരസൂചിക**

വിവിധങ്ങളായ സസ്യ-ജന്തുജാലങ്ങളുടെ ആവാസകേന്ദ്രമാണ്.

ഉദാ:- വനങ്ങൾ, മരുഭൂമികൾ, പുൽമേടുകൾ, ജലാശയങ്ങൾ, ഉന്നതതടങ്ങൾ

2. ജൈവമണ്ഡലം എന്നാലെന്ത്? ഇതിന്റെ സവിശേഷതകൾ എന്തെല്ലാം?

**ഉത്തരസൂചിക**

- ജീവസാന്നിധ്യമുള്ള മണ്ഡലം
- ശിലാമണ്ഡലം, വായു മണ്ഡലം, ജലമണ്ഡലം എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്നു.
- ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയിൽ ഉൾക്കൊള്ളുന്നു.

3. മനുഷ്യന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ജലമണ്ഡലത്തിലെ ആവാസവ്യവസ്ഥയെ സ്വാധീനിക്കുന്നത്? (സ്കോർ 4)

**ഉത്തരസൂചിക**

- ഖരമാലിന്യങ്ങളുടെ നിക്ഷേപം
- മത്സ്യത്തിന്റെ അമിത ചൂഷണം

- മിസൈൽ പരീക്ഷണം
- ആണവ പരീക്ഷണം

4. മനുഷ്യന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ജൈവമണ്ഡലത്തിന്റെ നിലനിൽപിനെ ബാധിക്കുന്നത്? (സ്കോർ 3)

**ഉത്തരസൂചിക**

- വനനശീകരണം - കുന്നിടിക്കൽ - വിഭവങ്ങളുടെ അമിത ചൂഷണം - ഖനന പ്രവർത്തനങ്ങൾ

5. കാർബൺ ചക്രം എന്നാലെന്ത്? (സ്കോർ 2)

**ഉത്തരസൂചിക**

- അന്തരീക്ഷത്തിലെ $CO_2$ ന്റെ അളവ് സന്തുലിതമായി നിലനിർത്തുന്ന പ്രതിഭാസമാണ് കാർബൺ ചക്രം.

6. അമ്ലവത്ക്കരണം എന്നാലെന്ത്? ഇതിന്റെ പ്രത്യേകതകൾ എന്തൊക്കെ? OR സമുദ്രത്തിന്റെ അമ്ലവത്ക്കരണത്തിന് ആക്കം കൂടിയാൽ ലക്ഷദ്വീപിന് ഭീഷണിയാണ്. സമർത്ഥിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- $CO_2$ അളവ് ക്രമാതീതമായി വർധിക്കുന്നു - മഴവെള്ളത്തിൽ കാർബോണിക് ആസിഡായി മാറുന്നു - ജലം സമുദ്രത്തിലെത്തിച്ചേർന്ന് - അമ്ലത വർധിപ്പിക്കുന്നു.
- പവിഴപ്പുറ്റ് ബ്ലീച്ചിംഗിനുവിധേയമാകുന്നു.
- പവിഴപുറ്റ് ജീർണ്ണിക്കുന്നു.

7. അമ്ലമഴ ആവാസവ്യവസ്ഥയിൽ എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും?(സ്കോർ 3)

**ഉത്തരസൂചിക**

- സസ്യജാലങ്ങൾക്ക് നാശം സംഭവിക്കുന്നു.
- ജീവജാലങ്ങൾക്ക് മാരക രോഗങ്ങൾ
- മനുഷ്യനുൾപ്പെടെ ജീവഹാനിക്ക് കാരണമാകുന്നു.

8. ഒരു ശുദ്ധജല തടാകത്തിന് സമീപം നിരവധി വ്യവസായങ്ങൾ ഉയർന്നുവരുന്നത് അവിടുത്തെ ആവാസവ്യവസ്ഥയിൽ എന്ത് പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക. (സ്കോർ 2)

**ഉത്തരസൂചിക**

- ബയോമുകളുടെ നാശം - അന്തരീക്ഷ മലിനീകരണം - കാലാവസ്ഥയിൽ മാറ്റം - ആഗോളതാപനം

9. ആഗോള താപനമെന്നാലെന്ത്? ഇത് സൃഷ്ടിക്കുന്ന ഏതെങ്കിലും രണ്ട് പ്രശ്നങ്ങൾ സൂചിപ്പിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- അന്തരീക്ഷ മലിനീകരണം വർധിക്കുമ്പോൾ ഹരിത ഗൃഹവാതങ്ങളുടെ അളവ് വർധിക്കുമ്പോൾ അന്തരിക്ഷത്തിന്റെ ശരാശരി താപനില വർധിക്കുന്നു.
- ഇത് ധ്രുവ പ്രദേശത്തെ മഞ്ഞുരുകാൻ കാരണമാകുന്നു.
- കൃഷി നശിക്കുന്നു.
- തീരങ്ങൾ സമുദ്രത്തിനടിയിലാകുന്നു.
- കാലാവസ്ഥ വ്യതിയാനം

10. ശിലാമണ്ഡലം, വായു മണ്ഡലം, ജലമണ്ഡലം ഇവയിൽ മനുഷ്യന്റെ ഇടപെടലുകൾ ജൈവമണ്ഡലത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തെല്ലാം? (സ്കോർ 4)

**ഉത്തരസൂചിക**

- അമിതവിഭവ ചൂഷണം തടയുക
- പരിസ്ഥിതി സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുക
- ആവാസവ്യവസ്ഥകൾ സംരക്ഷിക്കുക
- വായു, ജലമലിനീകരണം തടയുക

11. സ്മോഗ് എന്നാലെന്ത്? സ്മോഗിന്റെ അളവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. (സ്കോർ 4)

- ഫാക്ടറിയിൽ നിന്നും വാഹനങ്ങളിൽ നിന്നുമെല്ലാമുള്ള പുകമാലിന്യങ്ങൾ അന്തരീക്ഷത്തിലെത്തി അവ രാസപ്രവർത്തന ഫലമായി പുകമഞ്ഞുമായി താഴോട്ട് പതിക്കുന്നതാണ് സ്മോഗ്.
- വാഹനങ്ങളുടെ പുക നിയന്ത്രിക്കുക
- സൈക്കിൾ പോലുള്ള വാഹനങ്ങൾ ഉപയോഗിക്കുക
- വ്യാവസായികരണം നിയന്ത്രിക്കുക.

12. ജൈവമണ്ഡലത്തിന്റെ പരിരക്ഷയ്ക്കായി സമകാലിക ലോകത്തെ മനുഷ്യർക്ക് നൽകാനുള്ള നാല് നിർദ്ദേശങ്ങൾ എഴുതുക. (സ്കോർ 4)

**ഉത്തരസൂചിക**

- മലിനീകരണം കുറയ്ക്കുന്നതിനുള്ള നടപടികൾ
- ഹരിത സസ്യങ്ങൾ നിലനിർത്താൻ ശ്രമിക്കുക.
- വനവത്ക്കരണം പ്രോത്സാഹിപ്പിക്കുക.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുക.

***

## അധ്യായം 8

# വികസനവും സമൂഹവും

സാമ്പത്തിക വികസനം കൈവരിക്കുകയെന്നത് ആധുനിക ഗവൺമെന്റുകളുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നാണ്. സാമ്പത്തിക പുരോഗതിയാണ് സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്നത്. സുസ്ഥിര വികസനം സാമ്പത്തിക വികസനത്തിന് ശരിയായ കാഴ്ചപ്പാട് നൽകുന്നു. തുടങ്ങിയ ധാരണകൾ നേടുന്നതിന് ഈ യൂണിറ്റ് സഹായകമാവുന്നു.

### പാഠഭാഗം ചുരുക്കത്തിൽ

- വികസനവും വളർച്ചയും
- വികസന സൂചികകൾ - പ്രതിശീർഷ വരുമാനം, ഭൗതിക ജീവിത ഗുണനിലവാര സൂചിക, മാനവ വികസന സൂചിക
- സുസ്ഥിര വികസനം
- ഇന്ത്യയും സുസ്ഥിരവികസനവും

1. മാനവ വികസന സൂചിക കണക്കാക്കുന്നത് എങ്ങനെ? ഇന്ത്യയുടെ മാനവ വികസനം സാധ്യമാക്കാൻ സഹായിക്കുന്ന രണ്ട് നിർദ്ദേശങ്ങൾ എഴുതുക. (സ്കോർ 3)

**ഉത്തരസൂചിക**

- ആയുർദൈർഘ്യം
- സാക്ഷരതയും മൊത്തസ്കൂൾ പ്രവേശന നിരക്ക്
- പ്രതിശീർഷ വരുമാനം

2. ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണത്തിനായുള്ള രണ്ട് ഔദ്യോഗിക സംവിധാനങ്ങൾ ഏവ? (സ്കോർ 2)

**ഉത്തരസൂചിക**

- വനം പരിസ്ഥിതി മന്ത്രാലയം
- മലിനീകരണ നിയന്ത്രണ ബോർഡുകൾ

3. സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും തമ്മിലുള്ള വ്യത്യാസങ്ങൾ ഉചിതമായ ഉദാഹരണങ്ങൾ നൽകി സമർത്ഥിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- ജനങ്ങളുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും ഉണ്ടാകുന്ന വളർച്ചയാണ് സാമ്പത്തിക വികസനം
- ഒരു രാജ്യത്തിന്റെ ഉല്പാദനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ചുണ്ടാകുന്ന വർദ്ധനവ്
- വികസനം ഒരേ സമയം സാമ്പത്തികവും സാമൂഹ്യവുമായ പ്രക്രിയയാണ്.

4. പ്രതിശീർഷ വരുമാനം രാജ്യങ്ങളെ താരതമ്യം ചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായ വികസന സൂചികയാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? (സ്കോർ 3)

**ഉത്തരസൂചിക**

- യോജിക്കുന്നില്ല
- വരുമാനത്തിലെ വിതരണത്തിലെ അസന്തുലിതത്വം
- ജനങ്ങൾക്കിടയിലെ വരുമാന വിതരണം വ്യത്യസ്തമാണ്

5. വികസന സൂചികയായി പരിഗണിക്കുമ്പോൾ ഭൗതിക ജീവിതഗുണനിലവാര സൂചികയുടെ പ്രധാന പരിമിതികളേവ? (സ്കോർ 1)

**ഉത്തരസൂചിക**

- വരുമാനത്തിനുള്ള പ്രധാന്യം അവഗണിച്ചു

6. സുസ്ഥിര വികസനത്തിന് വിഘാതമാകുന്ന ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക? (സ്കോർ 4)

**ഉത്തരസൂചിക**

- തണ്ണീർ തടങ്ങൾ നികത്തൽ
- വന നശീകരണം
- അനിയന്ത്രിതമായ രാസവളപ്രയോഗം

7. വികസനം ഒരേ സമയം സാമ്പത്തികവും സാമൂഹികവുമായ പ്രക്രിയയാകുന്നത് എങ്ങനെ? (സ്കോർ 3)

**ഉത്തരസൂചിക**

- സാമ്പത്തിക വികസനം വരുമാനത്തിലും ജീവിതഗുണനിലവാരത്തിലുമുണ്ടാകുന്ന ഉയർച്ച.
- വരുമാനത്തിന് പുറമെ ഭക്ഷണം, വീട്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങളും കൂടി വികസനത്തിന്റെ ഭാഗമായതുകൊണ്ട്.

8. ഇന്ത്യ ഒരു വികസ്വര രാജ്യവും അമേരിക്കൻ ഐക്യനാടുകൾ ഒരു വികസിത രാജ്യവുമാണ് എന്ന് പറയുവാനുള്ള കാരണം വ്യക്തമാക്കുക. (സ്കോർ 2)

**ഉത്തരസൂചിക**

- ഉയർന്ന പ്രതിശീർഷ വരുമാനം, മെച്ചപ്പെട്ട ജീവിതരീതി - വികസിത രാജ്യം - അമേരിക്ക.
- താഴ്ന്ന പ്രതിശീർഷ വരുമാനം - വികസ്വര രാജ്യം - ഇന്ത്യ

9. സുസ്ഥിര വികസനമെന്നത് സാമ്പത്തികവും സാമൂഹ്യവും പാരിസ്ഥിതികവുമായ

ലക്ഷ്യങ്ങളുള്ള വിശാലമായ ഒരു കാഴ്ചപ്പാടാണ്. വിശദമാക്കുക.

**ഉത്തരസൂചിക**

- സാമൂഹ്യലക്ഷ്യങ്ങൾ - തുല്യത, പങ്കാളിത്തം, സാമൂഹ്യ ചലനാത്മകത
- സാമ്പത്തിക ലക്ഷ്യങ്ങൾ - വളർച്ച, കാര്യക്ഷമത, സ്ഥിരത
- പാരിസ്ഥിതിക ലക്ഷ്യങ്ങൾ - ആരോഗ്യകരമായ പരിസ്ഥിതി തുടങ്ങിയവ

10. പ്രകൃതി വിഭവങ്ങളെ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നവ, പുനരുജ്ജീവിപ്പിക്കാൻ കഴിയാത്തവ എന്നിങ്ങനെ തരംതിരിക്കുന്നത് ഏതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്.

**ഉത്തരസൂചിക**

- പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയകളിലൂടെ പുന:സ്ഥാപിക്കാൻ കഴിയുന്നവ
- ദീർഘകാല പ്രക്രിയയിലൂടെ മാത്രം പുന:സ്ഥാപിക്കാവുന്നവ

11. സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഇന്ത്യ സ്വീകരിച്ചിട്ടുള്ള ഏതെങ്കിലും മൂന്ന് ഇടപെടലുകൾ സൂചിപ്പിക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണ നിയമം പാലിച്ചു
- പരിസ്ഥിതി മന്ത്രാലയം സ്ഥാപിച്ചു
- മലിനീകരണ നിയന്ത്രണ ബോർഡുകൾ സ്ഥാപിച്ചു.
- 1972 സ്റ്റോക്ക്ഹോം സമ്മേളനം

12. 'കാർഷിക വ്യാവസായിക വിപ്ലവങ്ങൾ സാമ്പത്തിക സാമൂഹ്യ മേഖലകളിൽ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്.' ഈ അഭിപ്രായത്തോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?

**ഉത്തരസൂചിക**

- കൽക്കരി, പെട്രോൾ തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം കൂടി.
- നഗരവത്ക്കരണം ത്വരിതപ്പെട്ടു.
- ഗതാഗതരംഗത്തെ പുരോഗതി.
- വനപ്രദേശങ്ങൾ വെട്ടിതെളിച്ച് കൃഷി ആരംഭിച്ചു.
- രാസവളങ്ങളുടെ ഉപയോഗം

ഇവയെല്ലാം സാമ്പത്തിക സാമൂഹ്യ മേഖലകളെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്.

***

## യൂണിറ്റ് 9

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകൾ

സമ്പദ്‌വ്യവസ്ഥയെ 3 മേഖലകളായി തിരിക്കാമെന്നും ഓരോ മേഖലയ്ക്കും അതിന്റേതായ പ്രാധാന്യത്തോടൊപ്പം പരസ്പര ബന്ധവുണ്ടെന്ന ധാരണ നേടുക - ഓരോ മേഖലയും തൊഴിൽ മേഖലയ്ക്കും ജി.ഡി.പി.ക്കും നൽകുന്ന സംഭാവന തിരിച്ചറിയുക. അസംഘടിത മേഖലയിലെ പ്രശ്നങ്ങൾ, പൊതുസ്വകാര്യ മേഖലകളുടെ വിഭജനം, പ്രാധാന്യം എന്നിവ മനസ്സിലാക്കുന്നതിന് ഈ യൂണിറ്റ് സഹായകമാവുന്നു.

**പാഠഭാഗം ചുരുക്കത്തിൽ**

ഉത്പാദന പ്രവർത്തനങ്ങളെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ 3 മേഖലകളായി തിരിച്ചിരിക്കുന്നു. പ്രാഥമികം, ദ്വിതീയം, ത്രിതീയം ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മൊത്ത ദേശീയോത്പന്നം അതിലേക്ക് ഓരോ മേഖലയിൽ നിന്നുമുള്ള സംഭാവന ഏറ്റക്കുറച്ചിലുകൾ - അസംഘടിത മേഖലയുടെ പ്രത്യേകതകൾ, പൊതുമേഖല, സ്വകാര്യമേഖല എന്നിവയുടെ വ്യത്യാസം - പ്രാധാന്യം.

1. താഴെകൊടുത്തിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ അനുയോജ്യമായ രീതിയിൽ പട്ടികപ്പെടുത്തുക.
(കൃഷി, കെട്ടിടനിർമ്മാണം, വ്യവസായം, മത്സ്യബന്ധനം, ഇൻഷൂറൻസ്, വാർത്താവിനിമയം)
(സ്കോർ 6x½=3)

| പ്രാഥമികമേഖല | ദ്വിതീയ മേഖല | തൃതീയ മേഖല |
|---|---|---|
| | | |

**ഉത്തരസൂചിക**

അനുയോജ്യമായ ഉത്തരത്തിന് ½ സ്കോർ വീതം)

2. കൃഷിയെ 'പ്രാഥമികം' എന്ന് വിളിക്കുന്നതിനുള്ള രണ്ട് കാരണങ്ങൾ കണ്ടെത്തുക?
(സ്കോർ 2)

**ഉത്തരസൂചിക**

- പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനം
- മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യം

3. പ്രാഥമികം, ദ്വിതീയം, തൃതീയ മേഖലകൾ പരസ്പര സഹായിയും പരസ്പര ആശ്രിതവുമാണ്. ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക. ആധുനിക കാലത്ത് തൃതീയ മേഖല വികസിക്കുന്നതിന് ഏതെങ്കിലും രണ്ട് സാഹചര്യങ്ങൾ എഴുതുക. (സ്കോർ 5)

**ഉത്തരസൂചിക**

- റബ്ബർ, പരുത്തി, പഞ്ചസാര തുടങ്ങിയവയുടെ ഉപയോഗം (സ്കോർ 3)
- ആധുനിക കാലത്ത് സേവനമേഖല ധാരാളമായി വികസിച്ചിട്ടുണ്ട്
- ഗതാഗത-വാർത്താവിനിമയ-വിവരസാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളുടെ വികാസവും തൊഴിൽ ലഭ്യതയും (സ്കോർ 2)

4. ഉല്പാദന യൂണിറ്റുകളെ പൊതുമേഖല, സ്വകാര്യമേഖല, എന്നിങ്ങനെ വർഗ്ഗീകരിക്കുന്നതിന്റെ രണ്ട് കാരണങ്ങൾ എഴുതുക. നമ്മുടെ രാജ്യത്തെ ഇത്തരം സ്ഥാപനങ്ങൾക്ക് 2 വീതം ഉദാഹരണം എഴുതുക. (സ്കോർ 4)

**ഉത്തരസൂചിക**

- ഉടമസ്ഥത, ലക്ഷ്യം എന്നിവയുടെ അടിസ്ഥാനത്തിൽ
- ഉദാഹരണമായി ഇന്ത്യൻ റെയിൽവേ, എയർ ഇന്ത്യ തുടങ്ങിയവ ടാറ്റാ, റിലൈയൻസ് തുടങ്ങിയവ

5. സംഘടിത മേഖലകളുടെ ഏറ്റവും പ്രധാനഘടകം തൊഴിൽ സുരക്ഷയാണ്. മറ്റെന്തെല്ലാം ഘടകങ്ങളാണ് സംഘടിതമേഖലയെ അസംഘടിത മേഖലയിൽ നിന്ന് വേർതിരിക്കുന്നത്? (സ്കോർ 4)

**ഉത്തരസൂചിക**

- നിശ്ചിത ജോലി സമയം
- നിയമാനുസൃത വേതനം
- പെൻഷൻ
- വേതനത്തോടുകൂടിയുള്ള അവധി

6. താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യമേഖല, പൊതുമേഖല, സംയുക്തമേഖല എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുക. (സ്കോർ 6x½=3)

(ഇന്ത്യൻ റെയിൽവെ, റിലയൻസ്, BSNL, ഇൻഫോസിസ്,
FACT, കൊച്ചിൻ ഇന്റർനാഷണൽ എയർപോട്ട്)

| സ്വകാര്യമേഖല | പൊതുമേഖല | സംയുക്തമേഖല |
|---|---|---|
| | | |

**ഉത്തരസൂചിക**

ശരിയുത്തരത്തിന് ½ സ്കോർ വീതം

7. പൊതുമേഖലാ സ്ഥാപനങ്ങളുടെ ലക്ഷ്യം ലാഭം മാത്രമല്ല, പൊതുജനക്ഷേമം കൂടിയാണ്. രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തി ഉത്തരം സമർത്ഥിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- ആശുപത്രികൾ
- റോഡുകൾ
- പൊതുവിദ്യാലയങ്ങൾ
- ഡാമുകൾ

ഏതെങ്കിലും രണ്ടെണ്ണം എഴുതുന്നതിന്.

പൊതുസമൂഹത്തിന് ഗുണകരമായ ക്ഷേമപ്രവർത്തനങ്ങൾ വ്യക്തികത ലാഭം ലക്ഷ്യമിടുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാണെന്ന ധാരണയ്ക്ക്.

8. ദേശീയ വരുമാനം (NI), മൊത്ത ആഭ്യന്തര ഉല്പാദനം (GDP), മൊത്ത സംസ്ഥാന ഉല്പാദനം (SDP) എന്നിവ എന്തെന്ന് വ്യക്തമാക്കുക? (സ്കോർ 3)

9. ഇന്ത്യയിലെ സമീപകാല സ്ഥിതി വിവരക്കണക്ക് പരിശോധിച്ചാൽ സേവനമേഖലയുടെ പ്രാധാന്യം വർദ്ധിച്ചുവരുന്നതായി കാണാം. ഇതിന് സഹായകരമായ ഘടകങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക.? (സ്കോർ 3)

**ഉത്തരസൂചിക**

- പ്രാഥമിക, ദ്വിതീയ മേഖലകളിലെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഗതാഗത സൗകര്യങ്ങളുടെ വളർച്ച.
- വരുമാന വർദ്ധനവ് ജീവിത സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനിടയാക്കുന്നു. (ആഢംബര വസ്തുക്കൾ, വിനോദയാത്ര തുടങ്ങിയവ.
- വിവരസാങ്കേതിക വിദ്യയുടെ വളർച്ച

***

## അധ്യായം 10

# പണവും ധനകാര്യം സ്ഥാപനങ്ങളും

പണത്തിന്റെ ആവിർഭാവം - അത് വിനിമയരംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ചത് - പണത്തിന്റെ വിതരണവും ബാങ്കിംഗും വിവിധതരം ബാങ്കുകൾ - അവയുടെ പ്രവർത്തനരീതി - പുത്തൻ തലമുറ ബാങ്കുകൾ - ബാങ്കിംഗ് രംഗത്തെ നൂതനസങ്കേതങ്ങൾ, സംവിധാനങ്ങൾ എന്നിവയും ബാങ്ക് സാമൂഹ്യപുരോഗതിയിൽ ചെലുത്തുന്ന സ്വാധീനവും തിരിച്ചറിയാൻ ഈ പാഠഭാഗം സഹായകമാണ്.

**പാഠഭാഗം ചുരുക്കത്തിൽ**

1. പണം - പണത്തിന്റെ ആവിർഭാവം - ധർമ്മങ്ങൾ - വിവിധതരം ധനകാര്യസ്ഥാപനങ്ങൾ - വാണിജ്യ ബാങ്കുകൾ - ധർമ്മങ്ങൾ - ബാങ്കിംഗ് രംഗത്തെ ആധുനിക സംവിധാനങ്ങൾ - ഇ-ബാങ്കിംഗ്, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ - ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ - മൈക്രോ ഫിനാൻസിംഗ് - ദേശസാൽകരണം തുടങ്ങിയവ.

1. പണം അതിന്റെ ധർമ്മങ്ങളിലൂടെ ഉൽപന്നകൈമാറ്റവ്യവസ്ഥയുടെ പരമിതികൾ എങ്ങനെ മറികടക്കുന്നുവെന്ന് വ്യക്തമാക്കുക.

**OR**

പണത്തിന്റെ ധർമ്മങ്ങൾ എന്തെല്ലാം? (സ്കോർ 4)

**ഉത്തരസൂചിക**

1. വിനിമയ മാധ്യമം
2. മൂല്യശേഖരം
3. വിളംബിത കൊടുക്കലിന്റെ അടിസ്ഥാന മാതൃക
4. കണക്ക് സൂക്ഷിപ്പിനുള്ള ഏകകം
5. അളവിന്റെ ഏകകം

ഉൽപന്ന കൈമാറ്റ വ്യവസ്ഥയുടെ പരിമിതികൾ എഴുതുന്നതിന് (2 സ്കോർ)

പണത്തിന്റെ ധർമ്മങ്ങൾ എഴുതുന്നതിന് (2 സ്കോർ)

2. സാധന കൈമാറ്റ വ്യവസ്ഥയുടെ (ബാർട്ടർ) പരിമിതികൾ എന്തെല്ലാം? (സ്കോർ 2)

**ഉത്തരസൂചിക**

- സാധനങ്ങളുടെ മൂല്യം കണക്കാക്കുന്നതിലെ ബുദ്ധിമുട്ട്
- നൽകുന്ന സാധനത്തിനനുസരിച്ച് മൂല്യമുള്ള സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ
- ഇഷ്ടപ്പെടുന്ന സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ
- വാങ്ങുന്ന വസ്തുവിന്റെ മൂല്യം നൽകുന്ന വസ്തുവിന്റെ മൂല്യവുമായി യോജിക്കാത്ത അവസ്ഥ.

3. വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ എന്തെല്ലാം? ഏതെങ്കിലും 2 എണ്ണത്തെപ്പറ്റി വിശദീകരിക്കുക (സ്കോർ 5)

**ഉത്തരസൂചിക**

- നിക്ഷേപങ്ങൾ സ്വീകരിക്കൽ
- വായ്പകൾ നൽകൽ
- മറ്റ് സേവനങ്ങൾ (½ സ്കോർ വീതം 1½ സ്കോർ, വിശദീകരിക്കുന്നതിന് 3½ സ്കോർ)

4. വാണിജ്യബാങ്കുകളുടെ വിവിധയിനം നിക്ഷേപങ്ങളുടെ ചില പ്രത്യേകതകളാണ് ചുവടെ നൽകിയിരിക്കുന്നത്. അവ ഏതേത് നിക്ഷേപങ്ങളുടെ പ്രത്യേകതകളാണെന്ന് കണ്ടെത്തി എഴുതുക. (സ്കോർ 2)

   1. സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നു.
   2. അക്കൗണ്ടിലെ പണം എപ്പോൾ വേണമെങ്കിലും പിൻവലിക്കാം
   3. ഉയർന്ന പലിശ ലഭിക്കുന്നു.
   4. കാലാവധി പൂർത്തിയായതിനുശേഷം മാത്രം നിക്ഷേപം പിൻവലിക്കൽ

**ഉത്തരസൂചിക**

1. സമ്പാദ്യനിക്ഷേപം 2. പ്രചലിത നിക്ഷേപം
3. സ്ഥിര നിക്ഷേപം 4. ആവർത്തിത നിക്ഷേപം

5. നിക്ഷേപങ്ങൾ സ്വീകരിക്കലും വായ്പ നൽകലും വാണിജ്യ ബാങ്കുകളുടെ പ്രധാന ധർമ്മങ്ങളാണെങ്കിലും മറ്റ്ചില സേവനങ്ങളും ബാങ്കുകൾ നിർവ്വഹിക്കുന്നുണ്ട്. ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (സ്കോർ 3)

**ഉത്തരസൂചിക**

1. ലോക്കൽ സൗകര്യം 2. മണി ട്രാൻസ്ഫർ 3. എ.ടി.എം. 4. ക്രെഡിറ്റ് കാർഡുകൾ

6. കുടുംബശ്രീ പോലുള്ളവയെ മൈക്രോഫിനാൻസിംഗ് സ്ഥാപനം എന്നാണ് വിളിക്കുക എന്താണ് ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന ലക്ഷ്യം? മറ്റ് ഉദാഹരണങ്ങൾ എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

1. സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കൽ
2. ഉദാഹരണം :- ജനശ്രീ, പുരുഷസ്വയം സഹായ സംഘങ്ങൾ

7. കോർബാങ്കിംഗ്, ഇലക്ട്രോണിക് ബാങ്കിംഗ് എന്നിവ ബാങ്കിങ്ങിലെ ആധുനിക രീതികളാണ്. ഓരോന്നിന്റെയും ഏതെങ്കിലും 2 പ്രത്യേകതകൾ എഴുതുക. (സ്കോർ 4)

**ഉത്തരസൂചിക**

ഇ-ബാങ്കിംഗ് - വളരെയേറെ ചെലവുകുറവാണ്, ബാങ്കിൽ പോകാതെ ബാങ്ക് പ്രവർത്തനം നടത്താൻ കഴിയും.

കോർബാങ്കിംഗ് - ബാങ്ക് ശാഖകളെ തമ്മിൽ ബന്ധിപ്പിച്ച് പ്രവർത്തിക്കുന്നു. ഇന്റർനെറ്റ് സഹായത്തോടെയാണ് പ്രവർത്തനം നടക്കുന്നത്.

8. ഏതു ബാങ്കിനെയാണ് 'ബാങ്കുകളുടെ ബാങ്ക്' എന്ന് വിശേഷിപ്പിക്കുന്നത്? എന്തുകൊണ്ട്? (സ്കോർ 3)

**ഉത്തരസൂചിക**

1. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
2. വാണിജ്യ ബാങ്കുകളെ നിയന്ത്രിക്കുന്നു - സാമ്പത്തിക സഹായം നൽകുന്നു.

9. റിസർവ്വ് ബാങ്കിന്റെ പ്രധാന ധർമ്മങ്ങൾ എന്തെല്ലാം? വിശദീകരിക്കുക (സ്കോർ 4)

**ഉത്തരസൂചിക**

1. നോട്ട് അച്ചടിച്ചിറക്കൽ
2. ബാങ്കുകളുടെ ബാങ്ക്
3. ഗവൺമെന്റിന്റെ ഏജന്റ് ഉപദേഷ്ടാവ്
4. വായ്പ-പണം പ്രദാനത്തെ നിയന്ത്രിക്കൽ

10. പുത്തൻ തലമുറ ബാങ്കുകൾ എന്നാൽ എന്താണ്? മറ്റ് ബാങ്കുകളിൽ നിന്ന് ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? (സ്കോർ 3)

**ഉത്തരസൂചിക**

1. 1991 നുശേഷം സർക്കാർ ലൈസൻസ് നൽകി പ്രവർത്തിച്ചുവരുന്ന ബാങ്കുകൾ്
2. ആധുനിക സാങ്കേതികവിദ്യ കൂടുതലായി ഉപയോഗിക്കുന്നു.
   - നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

- സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു.
- പുതിയ മാനേജ്മെന്റ് തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നു.

11. ഗ്രാമീണ മേഖലയുടെ വികസനത്തിൽ സഹകരണ ബാങ്കുകളുടെ സേവനം വളരെ പ്രാധാന്യമുള്ളതാണ്. ലക്ഷ്യങ്ങൾ, പ്രവർത്തനമേഖല എന്നിവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക (സ്കോർ 4)

**ഉത്തരസൂചിക**

- ലക്ഷ്യങ്ങൾ : - ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക
  - സ്വയം സഹായവും പരസ്പര സഹായവും ചെയ്യുവാനുള്ള മനോഭാവം വളർത്തുക
  -ഗ്രാമീണ നിക്ഷേപം വികസിപ്പിക്കുക
  -സാമൂഹ്യ പുരോഗതിക്ക് പ്രാധാന്യം നൽകുക
- പ്രവർത്തനമേഖല : - കാർഷിക മേഖല, കാലിവളർത്തൽ, ക്ഷീരവികസനം, മത്സ്യബന്ധനം.

12. 1969 ജൂലൈ 19ന് പ്രധാനമന്ത്രിയായിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധി 14 ബാങ്കുകൾ ദേശസാൽക്കരിച്ചു. ബാങ്കുകളുടെ ദേശസാൽക്കരണത്തിന് കാരണമായ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു. (സ്കോർ 4)

**ഉത്തരസൂചിക**

- വാണിജ്യബാങ്കുകളുടെ പ്രവർത്തനം വൻകിട വ്യവസായങ്ങളിലും സമ്പന്ന വിഭാഗങ്ങളിലും മാത്രം ഒതുങ്ങിയിരുന്നു.
- സാമ്പത്തിക പ്രതിസന്ധി കാരണം ചെറുകിട വ്യവസായങ്ങളും കാർഷിക മേഖലയും തകരാൻ തുടങ്ങി.
- ലക്ഷ്യം സാമൂഹ്യപുരോഗതികൂടി ആകണമെന്ന ബോധം
- കാർഷിക, ഗ്രാമീണ സമ്പദ് വ്യവസ്ഥയോടുള്ള അവഗണന ഒഴിവാക്കാൻ

13. മൈക്രോ ഫിനാൻസ് നൽകുന്ന ഏതെങ്കിലും മൂന്ന് സേവനങ്ങൾ എഴുതുക.(സ്കോർ3)

**ഉത്തരസൂചിക**

- അംഗങ്ങൾക്ക് വായ്പ നൽകുന്നു.
- സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നു.
- ദരിദ്രവിഭാഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നു.

***

## അധ്യായം 11

# ആഗോളവത്ക്കരണം

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ എല്ലാ രംഗത്തും മാറ്റങ്ങൾ ദൃശ്യമാണ്. ഉല്പാദനരംഗത്തും വിപണനരംഗത്തും ഉപഭോഗരീതിയിലും കമ്പോളത്തിലും ഈ മാറ്റങ്ങൾ സജീവമാണ്. നെഹ്റു വിയൻ സോഷ്യലിസത്തിൽ അധിഷ്ഠിതമായി 1991 വരെ മുന്നേറിയ ഇന്ത്യൻ സമ്പദ്വ്യവസ്ഥ അതിൽ നിന്നും തികച്ചും വ്യത്യസ്തമായി ആഗോളവൽക്കരണത്തിന്റെ ഭാഗമായ നയങ്ങൾ സ്വീകരിച്ചു. ഈ നയത്തിന്റെ പ്രതിഫലനങ്ങൾ ഇന്ത്യയിൽ ഇന്ന് ദൃശ്യമാണ്.

### പാഠഭാഗം ചുരുക്കത്തിൽ

1990 കൾക്ക് ശേഷം ഇന്ത്യയുടെ സാമ്പത്തിക നയത്തിലുണ്ടായ മാറ്റം എങ്ങനെ ഉല്പന്ന വിപണിയെ സ്വാധീനിച്ചു. ആഗോളവൽക്കരണം - ത്വരിതപ്പെടുത്തിയ ഘടകങ്ങൾ, ആഗോള വൽക്കരണ പശ്ചാത്തലം - ഉദാരവൽക്കരണം - സ്വകാര്യവൽക്കരണം - വിദേശമൂലധനം - ബഹുരാഷ്ട്രകമ്പനികൾ - അന്താരാഷ്ട്ര സംഘടനകൾ - ആഗോളവൽക്കരണം ഇന്ത്യയിൽ

1. ഇന്ത്യാഗവൺമെന്റിന്റെ 1990 ന് മുൻപും ശേഷവുമുള്ള സാമ്പത്തിക നയങ്ങൾ താരതമ്യം ചെയ്ത് പ്രധാന വ്യത്യാസങ്ങൾ കണ്ടെത്തുക. (സ്കോർ 4)

**ഉത്തരസൂചിക**

**1990ന് മുൻപ്**

- വിദേശ മൂലധന നിക്ഷേപ നിയന്ത്രണം
- ഇറക്കുമതി ബദൽ സാമ്പത്തിക നയം
- വിദേശ സാങ്കേതിക വിദ്യ നിയന്ത്രണം
- പൊതുമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം

**1990ന് ശേഷം**

- വിദേശ മൂലധന നിക്ഷേപ നിയന്ത്രണങ്ങൾ കുറച്ചു
- കയറ്റുമതി പ്രോത്സാഹന നയം
- വിദേശ സാങ്കേതിക വിദ്യ നിയന്ത്രണം ഒഴിവാക്കി.
- സ്വാകര്യ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം

2. ഇന്ത്യയിലെ ആഗോളവത്ക്കരണത്തെ ത്വരിതപ്പെടുത്തിയ ഏതെങ്കിലും 4 ഘടകങ്ങൾ കണ്ടെത്തുക (സ്കോർ 4)

**ഉത്തരസൂചിക**

- അന്തരാഷ്ട്ര സംഘടനകളും അന്താരാഷ്ട്ര കരാറുകളും
- ബഹുരാഷ്ട്ര കമ്പനികൾ – വിദേശ മൂലധന നിക്ഷേപം
- വിവരസാങ്കേതിക രംഗത്തെ വളർച്ച
- ഗതാഗത-വാർത്താവിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ

3. ആഗോളവത്ക്കരണത്തെ പൊതുവായി സ്വാധീനിക്കുന്ന മൂന്ന് ഘടകങ്ങളാണ് ഉദാവത്ക്കരണം, സ്വകാര്യവത്ക്കരണം, വിദേശമൂലധനം നിക്ഷേപം എന്നിവ. ഇവ ആഗോളവത്ക്കരണവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിലയിരുത്തുക. (സ്കോർ 6)

**ഉത്തരസൂചിക**

- ഉദാരവത്കരണം – സമ്പദ്വ്യവസ്ഥയുടെ പ്രവർത്തനത്തിലുള്ള സർക്കാർ നിയന്ത്രണങ്ങളും ഇടപെടലുകളും പരിമിതപ്പെടുത്തുന്നു. ആഗോളകുത്തകകൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യത ലഭ്യമാകുന്നു.
- സ്വകാര്യവത്കരണം – രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പൊതുമേഖലയുടെ പങ്കാളിത്തം കുറയ്ക്കുകയും സ്വകാര്യമേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് വിദേശ കുത്തകകളുടെ കടന്നുകയറ്റത്തിന് വഴിവെക്കുന്നു.
- വിദേശമൂലധന നിക്ഷേപം – ഇത് ആഗോളവത്ക്കരണത്തെ ത്വരിതപ്പെടുത്തുന്നു. പ്രത്യക്ഷമൂലധന നിക്ഷേപവും പോർട്ട്ഫോളിയോ നിക്ഷേപവും നടക്കുന്നു.
  ഇവ മൂന്നും ഒരു രാജ്യത്തെ ആഗോളവത്ക്കരണ പാതയിലൂടെ നയിക്കുന്നു.

4. A എന്ന ബഹുരാഷ്ട്ര കുത്തക നമ്മുടെ രാജ്യത്ത് വിദേശ പ്രത്യക്ഷ നിക്ഷേപം (അടിസ്ഥാന മേഖലയിലുള്ള നിക്ഷേപം) നടത്താൻ തയ്യാറായി. എന്നാൽ B എന്ന ആഗോള കുത്തക വിദേശ പോർട്ട്ഫോളിയോ (ഓഹരി കമ്പോളത്തിൽ) നിക്ഷേപത്തിനാണ് താല്പര്യം പ്രകടിപ്പിച്ചത്. മാതൃരാജ്യത്തിന്റെ താല്പര്യസംരക്ഷകനെന്ന നിലയിൽ നിങ്ങൾ ഏത് നിക്ഷേപത്തെയാണ് പ്രോത്സാഹിപ്പിക്കുക? എന്തുകൊണ്ട്?

   (വിദേശ പ്രത്യക്ഷ നിക്ഷേപവും വിദേശ പോർട്ട്ഫോളിയോ നിക്ഷേപവും തമ്മിലുള്ള വ്യത്യാസമെന്ത്?) (സ്കോർ 4)

**ഉത്തരസൂചിക**

- വിദേശനിക്ഷേപം വിദേശ പ്രത്യക്ഷ നിക്ഷേപം (FDI)

  **വിദേശ പോർട്ട്ഫോളിയോ നിക്ഷേപം**

- കൃഷി, ഗതാഗതം, ഊർജ്ജം തുടങ്ങിയ ഉല്പാദന മേഖലയിലെ നിക്ഷേപം - വിദേശ പ്രത്യക്ഷ നിക്ഷേപം.
- ഓഹരി കമ്പോളത്തിലെ നിക്ഷേപം - വിദേശ പോർട്ട്ഫോളിയോ നിക്ഷേപം
- വിദേശ പ്രത്യക്ഷ നിക്ഷേപമാണ് സ്വീകാര്യം - കാരണം ഉല്പാദന വർദ്ധനവിനും സാമ്പത്തിക വളർച്ചയ്ക്കും സഹായകരം.

5. "നവ കൊളോണിയലിസത്തിന്റെ പ്രകടിത രൂപമാണ് ബഹുരാഷ്ട്ര കമ്പനികൾ" സമർത്ഥിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- കൊളോണിയൽ കാലഘട്ടം - അസംസ്കൃത കയറ്റുമതിയും നിർമ്മിത വസ്തു ഇറക്കുമതിയും നടത്തിയുള്ള ചൂഷണം
- നവ കൊളോണിയൽ കാലഘട്ടം - രാജ്യങ്ങൾ പ്രത്യക്ഷ ഇടപെടലിലൂടെയുള്ള ചൂഷണം നടത്താതെ ബഹുരാഷ്ട്ര കമ്പനികൾ ഉപയോഗിച്ചുള്ള ചൂഷണം
- വികസ്വര രാഷ്ട്രങ്ങളിൽ ബഹുരാഷ്ട്ര കമ്പനികൾ നിക്ഷേപം നടത്തി അവിടെയുള്ള വിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്ത് ലാഭം കടത്തികൊണ്ടുപോകുന്നു.

6. ആഗോളവത്കരണ നയങ്ങളുടെ ഭാഗമായി ഇന്ത്യാഗവൺമെന്റ് സ്വീകരിച്ച ഏതെങ്കിലും 4 നടപടികൾ വിശദീകരിക്കുക. (സ്കോർ 4)

**ഉത്തരസൂചിക**

- ചരക്ക് നികുതി കുറച്ചു
- കാർഷിക സബ്സിഡി കുറച്ചു
- സർക്കാർ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി
- പൊതുമേഖലയ്ക്ക് നൽകിയ പ്രാധാന്യം കുറച്ചു
- വിദേശ സാങ്കേതിക കരാറുകൾ ഉദാരമാക്കി
- വിദേശ ബ്രാൻഡ് നെയിം ഉപയോഗിക്കാൻ അവസരം നൽകി.

7. ആഗോളവത്കരണ നയങ്ങൾ ചുവെട കൊടുത്തിരിക്കുന്ന മേഖലകളെ എങ്ങനെ ബാധിക്കുന്നുവെന്ന് വിശദീകരിക്കുക. (സ്കോർ 6)

   a. സാമൂഹിക സുരക്ഷാ പദ്ധതികൾ

b. വിദ്യാഭ്യാസ ആരോഗ്യ സേവനങ്ങൾ

c. പൊതുവിതരണ സമ്പ്രദായം

**ഉത്തരസൂചിക**

- സാമൂഹ്യസുരക്ഷാ പദ്ധതികളിൽ നിന്നും ഗവൺമെന്റ് പിൻവാങ്ങുന്നു. ഇത് പൊതുജനക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നു.
- വിദ്യാഭ്യാസ ആരോഗ്യ സേവനങ്ങൾ സ്വകാര്യമേഖല കയ്യടക്കുന്നു. അവർ ഇതിനെ താല്പര്യസംരക്ഷണത്തിനും ലാഭം വർദ്ധിപ്പിക്കാനും ഉപയോഗിക്കുന്നു. താഴ്ന്ന വരുമാനക്കാരന് ഇത്തരം സേവനങ്ങൾ ലഭ്യമല്ലാതാവുന്നു.
- പൊതുവിതരണ സമ്പ്രദായം ഇല്ലാതാവുന്നു. രൂക്ഷമായ വിലക്കയറ്റം നിയന്ത്രണാധീതമാകുന്നു. സ്വകാര്യമേഖല പരമാവധി ലാഭം കൊയ്യുന്നു. ദരിദ്രന്റെ അവസ്ഥ ദയനീയം – അസമത്വം വർദ്ധിക്കുന്നു.

8. തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായി ഇന്ത്യ ഒപ്പുവെച്ച സ്വതന്ത്രവ്യാപാരകരാറിന്റെ പേരെന്ത്? ഈ കരാറിലെ രണ്ട് പ്രധാന നിർദ്ദേശങ്ങൾ ഏവ? (സ്കോർ 3)

**ഉത്തരസൂചിക**

- ആസിയാൻ കരാർ
- ഇറക്കുമതി തീരുവ കുറയ്ക്കുക
- കയറ്റുമതി സബ്സിഡി കുറയ്ക്കുക
- പേറ്റന്റ് നിയമം പരിഷ്കരിക്കുക
- കാർഷിക സബ്സിഡി ഒഴിവാക്കുക.

9. അന്താരാഷ്ട്ര സംഘടനകളുമായി ബന്ധപ്പെട്ട പട്ടിക ഉചിതമായ രീതിയിൽ ക്രമപ്പെടുത്തി എഴുതുക. (സ്കോർ 4)

| | |
|---|---|
| i. ലോകബാങ്ക് (IBRD) | ഉറുഗ്വേവട്ട ചർച്ചകൾ |
| ii. അന്താരാഷ്ട്ര നാണയനിധി (IMF) | സ്വതന്ത്രവ്യാപാരക്കരാർ |
| iii. ലോകവ്യാപാര സംഘടന (WTO) | സാമ്പത്തിക രംഗം പുന:സംഘടിപ്പിക്കൽ |
| iv. തീരുവയെയും വ്യാപാരത്തെയും സംബന്ധിച്ച പൊതുകരാർ (GATT) | വിനിമയ നിരക്കിൽ സ്ഥിരത കൈവരിക്കൽ |

**ഉത്തരസൂചിക**

i. സാമ്പത്തികരംഗം പുന:സംഘടിപ്പിക്കൽ
ii. വിനിമയ നിരക്കിൽ സ്ഥിരത
iii. സ്വതന്ത്രവ്യാപാരകരാർ
iv. ഉറുഗ്വേവട്ട ചർച്ചകൾ

10. ആഗോളവത്കരണത്തിന് അനുകൂലവും പ്രതികൂലവുമായ ഏതെങ്കിലും രണ്ട് വാദഗതികൾ വീതം എഴുതുക.

(ആഗോളവത്കരണത്തിന്റെ ഗുണദോഷങ്ങൾ വിലയിരുത്തുക) (സ്കോർ 4)

**ഉത്തരസൂചിക**

**അനുകൂല വാദഗതികൾ**

- വൈവിധ്യമാർന്ന ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നു.
- തൊഴിൽ ലഭ്യത വർധിക്കുന്നു.
- സമ്പദ്ഘടനയുടെ പ്രവർത്തനം കാര്യക്ഷമമാകുന്നു.
- മെച്ചപ്പെട്ട സാങ്കേതികവിദ്യ ലഭ്യമാകുന്നു.
- കൂടുതൽ വിദേശമൂലധന ലഭ്യത
- വർധിച്ച കയറ്റുമതി സാധ്യത

**പ്രതികൂല വാദഗതികൾ**

- സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു.
- കാർഷിക മേഖലയിലെ പ്രതിസന്ധി
- പൊതുമേഖലയുടെ പ്രാധാന്യം കുറഞ്ഞു
- തൊഴിൽ സുരക്ഷിതത്വം ഇല്ലാതായി
- സമ്പദ്ഘടനയിലുള്ള സർക്കാർ നിയന്ത്രണം കുറയുന്നു.
- ബഹുരാഷ്ട്ര കമ്പനികളുടെ ചൂഷണം

11. WTO പോലുള്ള വ്യാപാര കരാറുകൾ മുന്നോട്ട് വെക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം?

(സ്കോർ 4)

**ഉത്തരസൂചിക**

- പേറ്റന്റ് നിയമങ്ങൾ പരിഷ്കരിക്കുക.
- ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മേൽ ചുമത്തുന്ന നികുതി ഘട്ടം ഘട്ടമായി കുറയ്ക്കുക.
- കയറ്റുമതിക്ക് നൽകുന്ന സബ്സിഡി ഘട്ടംഘട്ടമായി കുറയ്ക്കുക.

***

### അധ്യായം 12

# സമ്പദ്വ്യവസ്ഥയും സർക്കാരും

ആഗോളവൽക്കരണനയത്തിന്റെ ഭാഗമായി ഒട്ടുമിക്ക രാജ്യങ്ങളിലെയും സമ്പദ്വ്യവസ്ഥ യിൽ സർക്കാരിന്റെ നിയന്ത്രണം കുറഞ്ഞുവരുന്ന ഒരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. അതോടൊപ്പം സമ്പദ്വ്യവസ്ഥയിൽ സർക്കാർ ഇടപെടേണ്ടതിന്റെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യവും നിലനിൽക്കുന്നു. ഓരോ രാജ്യത്തേയും സാഹചര്യങ്ങൾക്കും സാധ്യതകൾക്കു മനുസരിച്ച് സർക്കാർ ഈ പ്രവർത്തനങ്ങളിൽ മുഴുകുന്നു. ലോകത്ത് നിലനിൽക്കുന്ന വിവിധ സമ്പദ്വ്യവസ്ഥയിൽ സർക്കാർ ഏതെല്ലാം വിധത്തിൽ ഇടപെടുന്നുവെന്നും ഇതിലൂടെ വിശദമാ ക്കുന്നു.

**പാഠഭാഗങ്ങൾ ചുരുക്കത്തിൽ**

- വിവിധ സമ്പദ്വ്യവസ്ഥകളും ഗവൺമെന്റും, മുതലാളിത്ത, സോഷ്യലിസ്റ്റ്, മിശ്ര സമ്പദ്വ്യവ സ്ഥകൾ.
- സാമ്പത്തിക പ്രതിസന്ധിയും സർക്കാർ ഇടപെടലുകളും
- ഇന്ത്യൻ സമ്പദ്വ്യവസ്ഥയും ഗവൺമെന്റുകളും
- ആസൂത്രണം - പഞ്ചവത്സരപദ്ധതികൾ, ബജറ്റ്
- സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ തലത്തിലുള്ള ഗവൺമെന്റു കൾ വിവിധ നയങ്ങൾ നടപ്പിലാക്കുന്നു.

1. ലോകത്തിൽ നിലനിൽക്കുന്ന വിവിധ സാമ്പത്തിക വ്യവസ്ഥകൾ ഏവ? ഇവയുടെ സവിശേഷതകൾ വിവരിക്കുക. (സ്കോർ 6)

**ഉത്തരസൂചിക**

**മുതലാളിത്തം**

- സ്വകാര്യ സ്വത്തവകാശം
- സ്വതന്ത്രകമ്പോള വ്യവസ്ഥ
- സാമ്പത്തിക അസമത്വം
- ലാഭം ലക്ഷ്യം

**സോഷ്യലിസം**

- സ്വകാര്യ സ്വത്തവകാശമില്ല
- പൊതു ഉടമസ്ഥത
- കേന്ദ്രീകൃത ആസൂത്രണം
- സാമൂഹ്യക്ഷേമം ലക്ഷ്യം

**മിശ്രസമ്പദ്വ്യവസ്ഥ**

- സ്വകാര്യ പൊതുമേഖലയുടെ വളർച്ച
- സാമ്പത്തിക ആസൂത്രണം
- മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും നല്ല വശങ്ങൾ

2. ഇന്ത്യയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന നികുതികൾ ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി

3. സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതികൾ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (സ്കോർ 2)

**ഉത്തരസൂചിക**

വില്പന നികുതി, വാറ്റ് സ്റ്റാമ്പ്ഡ്യൂട്ടി, സംസ്ഥാന എക്സൈസ് ഡ്യൂട്ടി

4. ആധുനിക കാലത്ത് സർക്കാരിന്റെ ചെലവ് വർധിക്കുന്നതിന്റെ കാരണങ്ങൾ? (സ്കോർ 3)

**ഉത്തരസൂചിക**

- ആഭ്യന്തര സുരക്ഷ
- ജനസംഖ്യ വർധനവ്
- ജനക്ഷേമ പ്രവർത്തനങ്ങൾ
- നഗരവത്ക്കരണം
- നാണയ പെരുപ്പം
- വികസന ചെലവ്

5. സമ്പദ്വ്യവസ്ഥയിൽ സർക്കാർ ഇടപെടൽ അനിവാര്യമായ സാമൂഹ്യപ്രശ്നങ്ങളേവ? (സ്കോർ 3)

**ഉത്തരസൂചിക**

▫ അസമത്വം ലഘൂകരിക്കുക ▫ അടിസ്ഥാന വികസനം ▫ പരിസ്ഥിതി സംരക്ഷണം ▫ സാമൂഹ്യസേവനം ▫ സ്ഥിരത കൈവരിക്കുക.

6. പ്രത്യക്ഷ നികുതികളുടെ ഏതെങ്കിലും രണ്ട് മേന്മകൾ എഴുതുക? (സ്കോർ 2)

**ഉത്തരസൂചിക**


- അസമത്വം കുറയ്ക്കുന്നു
- സാമൂഹ്യനീതി നടപ്പിലാക്കുന്നു
- വരുമാനം കൂടുന്നതിനനുസരിച്ച് നികുതി നിരക്ക് വർധിക്കുന്നു.

7. ബജറ്റ് എന്നാലെന്ത്? വിവിധതരം ബജറ്റുകളെക്കുറിച്ച് വിശദമാക്കുക. (സ്കോർ 3)

**ഉത്തരസൂചിക**

- സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും കാണിക്കുന്ന വാർഷിക രേഖ
- സംതുലിത ബജറ്റ് - കമ്മി ബജറ്റ് - മിച്ച ബജറ്റ്

8. താഴെ തന്നിരിക്കുന്ന ഫ്ളോ ചാർട്ട് പൂർത്തിയാക്കുക (സ്കോർ 3)




**ഉത്തരസൂചിക :**

അനുയോജ്യമായ പൂർത്തിയാക്കുന്നതിന് ½ സ്കോർ വീതം

9. നികുതി യഥാസമയം നൽകാതിരിക്കുന്നത് രാഷ്ട്രപുരോഗതിക്ക് തടസ്സമാണെന്ന് പറയാൻ കാരണമെന്ത്? (സ്കോർ 3)

**ഉത്തരസൂചിക**

- നികുതി സർക്കാരിന്റെ പ്രധാന വരുമാന മാർഗ്ഗം
- രാജ്യത്തിന്റെ അടിസ്ഥാന സൗകര്യവികസനം, കാർഷിക-വ്യാവസായിക വികസനം എന്നിവയുടെ വേഗത പിന്നോട്ടാക്കുന്നു.

10. ഇന്ത്യയിൽ നിലനിൽക്കുന്ന സമ്പദ്വ്യവസ്ഥ ഏത്? അതിന്റെ രണ്ട് സവിശേഷതകളേവ? (സ്കോർ 3)

**ഉത്തരസൂചിക**

- മിശ്രസമ്പദ്വ്യവസ്ഥ
- സ്വകാര്യമേഖലയും പൊതുമേഖലയും ഒരുമിച്ച് പ്രവർത്തിക്കുന്നു.
- സാമൂഹിക പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ കമ്പോളത്തിന്റെ ആസൂത്രണത്തോടെ സഹായിക്കുക.

11. ചുവടെ സൂചിപ്പിച്ചിട്ടുള്ള ഭൂവിവരങ്ങളെ നിങ്ങൾക്ക് നൽകിയിട്ടുള്ള രൂപരേഖയിൽ അടയാളപ്പെടുത്തുക.

1. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ
2. ഉപദ്വിപീയ പീഠഭൂമിയിലെ പർവ്വതനിരകൾ
3. ഹിമാലയൻ നദികൾ, ഉപദ്വിപീയ നദികൾ
4. ഇന്ത്യയിലെ പ്രധാനപ്പെട്ട റെയിൽവേ ആസ്ഥാനങ്ങൾ

***

***